RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 ● ലക്കം 5 ● ജനുവരി 2026 ● വില: 18 രൂപ

വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

പുതിയ തുടക്കം

പ്രത്യേക പതിപ്പ്

പുതുവത്സര ആശംസകൾ

LINEN PARK®
DHOTIS • SHIRTS • TROUSERS • FABRICS
by
RAMRAJ
Crafted to Dominate with comfort, style and pure class
STORE LOCATION
Available at Ramraj Showrooms And All Leading Textile Shops

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

ഒരു പ്രവൃത്തി ആത്മവിശ്വാസത്തോടെ തുടങ്ങി,
വിപരീത സാഹചര്യങ്ങൾ മറികടന്ന് മുന്നേറി
സന്തോഷവും വിജയവും കൈവരിക്കാൻ വഴികാട്ടുന്ന

പുതിയ തുടക്കം

പ്രത്യേക പതിപ്പ്

താങ്കൾക്ക് നൽകുന്നതിൽ അഭിമാനമുണ്ട്.

ഭാവിയിലേക്കുള്ള കണ്ണ്

പ്രിയരെ,

നന്നായി തുടങ്ങിയാൽ പാതി വിജയമായി എന്നാണ് ചൊല്ല്. ആത്മവിശ്വാസത്തോടെ ഒരു കാര്യത്തിൽ ഇറങ്ങിയാൽ തന്നെ പാതി വിജയിച്ചു എന്നാണ് എന്റെ പക്ഷം. ആയിരം അടി നടന്നാൽ ആയിരിക്കാം നിങ്ങളുടെ ലക്ഷ്യത്തിൽ എത്തുക. എന്നാൽ തികഞ്ഞ ആത്മവിശ്വാസത്തോടെ നിങ്ങൾ വയ്ക്കുന്ന ആദ്യ ചുവടു തന്നെ ആ യാത്രയ്ക്ക് പുതിയ തുടക്കം കുറിക്കും.

ഓരോ ചുവട് ആയിരം തവണ വയ്ക്കുമ്പോഴേ നിങ്ങൾക്ക് ആയിരം അടി താണ്ടാൻ കഴിയൂ. ആദ്യ ചുവടു വയ്ക്കാതെ ആർക്കും മുന്നോട്ടു പോകാനാകില്ല.ചെറിയചെറിയവിജയങ്ങൾവലിയ വിജയത്തിൽ എത്തിക്കും. നാലു വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഒളിമ്പിക്സിൽ വിജയിക്കാൻ ഒരു കായിക താരം, തന്റെ മത്സര ഇനത്തിൽ ഓരോ ദിവസവും കഠിനമായി പരിശീലനം നടത്തണം.

ഒരു പ്രവർത്തിയുടെ തുടക്കം തന്നെ പ്രത്യേകത നിറഞ്ഞതാണ്. ഭാവിയിൽ ഉള്ള നേട്ടങ്ങളിൽ കണ്ണു വച്ചാണ് തുടക്കം എന്നതിനാൽ ആർക്കും, എങ്ങനെ തുടങ്ങണം എന്ന് ഗണിക്കാനാവില്ല. ലോകത്ത് നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും നിശ്ചയമായും ഒരു തുടക്കം ഉണ്ട്. തങ്ങൾക്കു നേരിടേണ്ടി വന്ന അപമാനത്തെ വ്യക്തിപരമായി എടുക്കാതെ തന്നെപ്പോലെ നിരവധിപേരെ ബാധിക്കുന്ന പ്രശ്നമായി കരുതിയ രണ്ടു പേർ ലോകചരിത്രത്തിൽ വലിയ നേതാക്കളായി മാറുന്നത് നാം കണ്ടു.

ഇംഗ്ലണ്ടിൽ അഭിഭാഷകവൃത്തി പഠിച്ച് ദക്ഷിണാഫ്രിക്കയിൽ പോയി പ്രാക്ടീസ് ചെയ്ത ഗാന്ധി തന്റെ തൊഴിലിൽ തിളങ്ങി. താൻ സമ്പാദിച്ച പണം കൊണ്ട് ഫസ്റ്റ് ക്ലാസ് ടിക്കറ്റ് എടുത്ത് ട്രെയിനിൽ അദ്ദേഹം ഉയർന്ന ക്ലാസിൽ കയറി. 'നിങ്ങളെപ്പോലെ അടിമകൾക്ക് ഞങ്ങളുടെ ഒപ്പം യാത്ര ചെയ്യാൻ അവകാശമില്ല' എന്ന് പറഞ്ഞ് വെള്ളക്കാരനായ ടിക്കറ്റ് എക്സാമിനർ അദ്ദേഹത്തെ പാതിവഴിയിൽ ഇറക്കി വിട്ടു.

ഗാന്ധി വല്ലാത്ത അവമാനബോധത്തിൽ ഉഴറി. 'നന്നായി പഠിച്ച് വിജയകരമായി ജോലി ചെയ്യുന്ന തനിക്ക് ഇതാണ് അവസ്ഥ എങ്കിൽ ഇന്ത്യയിൽ കഴിയുന്ന പൗരന്മാർക്ക് എത്ര ഭീകര അപമാനങ്ങൾ ആകും നേരിടേണ്ടി വരിക' എന്ന് ചിന്തിച്ച ഗാന്ധി അതോടെ ഒരു പുതിയ തുടക്കം കുറിച്ചു.

യു എസിൽ ഒരു ബസിൽ ടിക്കറ്റ് എടുത്ത് ഒരു യുവാവ് യാത്ര ചെയ്യുകയാണ്. പാതി വഴിയിൽ വെള്ളക്കാർ വണ്ടിയിൽ കയറിയപ്പോൾ 'നിങ്ങൾ ഞങ്ങളുടെ ഒപ്പം ഇരുന്നു യാത്ര ചെയ്യരുത്' എന്ന് പറഞ്ഞ് അയാളോട് ഇറങ്ങാൻ ആവശ്യപ്പെട്ടു. 'വെള്ളക്കാരേക്കൾ താൻ എങ്ങനെ മോശമാണ്' എന്ന ചിന്തയിൽ ആ യുവാവിന്റെ മനം ഉരുകി.

'ഇത് എനിക്ക് മാത്രം നേരിടേണ്ടി വന്ന അപമാനമല്ല. എന്നെ പോലെ കറുത്ത വർഗക്കാരെ ഇങ്ങനെ എവിടെയും ഇറക്കി വിടും. അവർക്കായി പോരാടണം എന്ന് അയാൾ ചിന്തിച്ചു. തനിക്ക് നേരിട്ട അപമാനം മറ്റുള്ളവരുടെ അപമാനമായി കണ്ട മാർട്ടിൻ ലൂതർ കിംഗ് ജൂനിയർ പുതിയ വിപ്ലവം തന്നെ തുടങ്ങി.

എപ്പോഴാണ് പുതിയ തുടക്കം വേണ്ടത് എന്നതിൽ നമുക്ക് ജാഗ്രത വേണം. രാംരാജ് കോട്ടൺ ഇതുപോലെ രണ്ട് അപമാനകരമായ

സംഭവങ്ങളെ തുടർന്നാണ് തുടങ്ങിയത്. ഒന്ന് എനിക്ക് നേരിട്ട അപമാനമാണ്. രണ്ട് ഞാൻ ഇഷ്ടപ്പെടുന്നനെയ്ത്തുകാർക്ക്നേരിട്ടഅപമാനം.

കഠിനാധ്വാനം ചെയ്ത് വേഷ്ടി നെയ്ത് കടയിൽ കൊടുത്ത ശേഷം അതിന്റെ പണത്തിനായി നാൾതോറും കട വാതിൽക്കൽ കാത്തിരുന്ന നെയ്ത്തുകാരെ കണ്ട് ഞാൻ വല്ലാതെ വിഷമിച്ചിരുന്നു. നെയ്ത്തുകാർക്ക് ഉടനെ കൂലി കൊടുത്താൽ അവർ അടുത്ത കടയിൽ പോയി വേഷ്ടി എത്ര രൂപയ്ക്ക് വിൽക്കുന്നു എന്ന് കണ്ടുപിടിക്കും എന്ന അൽപ്പത്തം മൂലം ആണ് അവരെ അങ്ങനെ കടയ്ക്കു മുന്നിൽ ദിവസംമുഴുവൻ ഇരുത്തുന്നത്.നമ്മുടെ നാണം മറയ്ക്കാൻ വസ്ത്രം നെയ്യുന്ന നെയ്ത്തുകാർ ഷർട്ട് പോലും ഇടാതെ അവിടെ പ്രതിഫലത്തിന് ഇരിക്കുന്ന നില മാറ്റണമെന്ന് ഞാൻ ആഗ്രഹിച്ചു.

അതേ പോലെ ഞാൻ ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ ചെന്നപ്പോൾ മുണ്ട് ഉടുത്തയാൾ എന്ന നിലയിൽ എനിക്ക് അകത്തേക്ക് പോകാൻ അനുമതികിട്ടിയില്ല.'ഞാൻഈപാരമ്പര്യവസ്ത്രമേ ധരിക്കൂ' എന്ന് പറഞ്ഞിട്ടും അവർ സമ്മതിച്ചില്ല. ഇതേപോലെയുള്ള പഞ്ചനക്ഷത്രഹോട്ടലുകളിൽ എന്നെ അവർ എഴുനേറ്റു നിന്ന് ആദരിച്ച് ആനയിക്കുന്ന നില വരണം എന്ന് ഞാൻ അന്ന് പ്രതിജ്ഞ ചെയ്തു.

രാംരാജ് കോട്ടൺ എന്ന സ്ഥാപനത്തിന്റെ വലിയ തുടക്കത്തിനു പിന്നിൽ ഈ രണ്ടു സംഭവങ്ങൾ ആണ്. ഒരു കെട്ടിടം കെട്ടുമ്പോൾ വലിയ അടിത്തറ ഉണ്ടാക്കണം. അതുപോലെ ഒരു കാര്യത്തിന്റെ തുടക്കവും അങ്ങനെയായിരിക്കണം.



പൊതുവേഒരുപ്രവൃത്തിതുടങ്ങുന്നതിന്മടിയും ഭയവും ഉണ്ടാകും. 'ഇത് വിജയിക്കുമോ'എന്ന സംശയവും. അതേ പോലെ അനുയോജ്യമായ സമയത്തിൽ തുടങ്ങാതെ ഭയം മൂലം എല്ലാം വൈകിച്ച് നല്ല അവസരം കളഞ്ഞു കുളിക്കും.

നീന്തൽ പഠിക്കാൻ തീരുമാനിച്ചാൽ വേണ്ട സുരക്ഷയോടെ വെള്ളത്തിൽ ചാടി നീന്തണം. നടക്കാൻ ശ്രമിക്കുന്ന ഒരു കുഞ്ഞ് തനിക്ക് നടക്കാൻ അറിയില്ല എന്നോ താൻ ഇതിനു മുമ്പ് നടന്നിട്ടില്ല എന്നോ ഓർക്കാതെ തന്റെ ആദ്യ ചുവടു വയ്ക്കുന്നു.

നമ്മൾ ആരംഭിക്കുന്ന കാര്യങ്ങളിൽ ചെറിയ ചെറിയ ബുദ്ധിമുട്ടുകൾ, തടസ്സങ്ങൾ, പിൻവാങ്ങലുകൾ എന്നിവ ഉണ്ടാകാം. ഇവയെല്ലാം നാം നേടാൻ പോകുന്ന വിജയത്തിന്റെ അടയാളങ്ങളാണ്. പുതു വത്സരത്തിൽ പ്രതീക്ഷയോടെ പുതിയ സംരംഭങ്ങൾ തുടങ്ങണം.

ഞങ്ങളുടെ ബഹുമാന്യരായ ഉപഭോക്താക്കൾ, സഹായം നൽകുന്ന പ്രിയ നെയ്ത്തുകാർ, പ്രമുഖരായ വിൽപനക്കാർ, ഞങ്ങളോടൊപ്പം പ്രവർത്തിക്കുന്ന ജീവനക്കാർ സ്നേഹസമ്പന്നരായ തൊഴിലാളികൾ, വെണ്മ വായനക്കാർ തുടങ്ങി എല്ലാവർക്കും പുതുവത്സര ആശംസകൾ നേരുന്നു.

ഗുരുകൃപ

എല്ലാവർക്കും സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്,

കെ ആർ നാഗരാജൻ

സ്ഥാപകൻ, രാംരാജ് കോട്ടൺ

ഒരു പ്രമുഖ സ്ഥാപനത്തിൽ സീനിയർ മനേജരായിരുന്നു മഹേഷ്. നൂറു കണക്കിന് തൊഴിലാളികളെ പ്രത്യക്ഷമായും പരോക്ഷമായും നയിച്ചിരുന്ന അദ്ദേഹം അവരിൽ ആരോടും ദേഷ്യപ്പെട്ടു കണ്ടിട്ടില്ല. വളരെ രൂക്ഷമായ പ്രതിസന്ധിയിൽ പോലും പരുഷവാക്കുകൾ പറഞ്ഞിരുന്നില്ല. മുതലാളിയോട് കാട്ടുന്ന അതേ അടുപ്പം സാധാരണ തൊഴിലാളികളോടും കാട്ടും. എന്നാൽ അദ്ദേഹം അവരുടെ ജോലിയിൽ യാതൊരുവിട്ടുവീഴ്ചയുംകാണിക്കുമായിരുന്നില്ല. അദ്ദേഹത്തോട് എല്ലാവർക്കും തികഞ്ഞ ആദരവ് ഉണ്ടായിരുന്നത് മൂലം അദ്ദേഹം എന്ത് ജോലി പറഞ്ഞാലും അവർ പെട്ടെന്ന് ചെയ്യും.

അദ്ദേഹം വിരമിച്ചപ്പോൾ എല്ലാ ജീവനക്കാരും അദ്ദേഹത്തിനു കൈ കൊടുത്താണ് യാത്ര അയച്ചത്. മുതലാളി അദ്ദേഹത്തെ വിളിച്ചു ചോദിച്ചു, 'താങ്കൾക്കു ദേഷ്യം വരില്ലേ? എങ്ങനെ ഇത്ര വർഷങ്ങൾ എല്ലാവരെ കൊണ്ടും താങ്കൾ ജോലി ചെയ്യിപ്പിച്ചു?' മഹേഷിന്റെ മറുപടി എല്ലാവർക്കും പാഠമാകേണ്ടതാണ്.

'എന്റെ അച്ഛൻ ഒരു സ്ഥാപനത്തിൽ സൂപ്പർവൈസറായി ജോലി ചെയ്തിരുന്നു. പുറമേ പോകുമ്പോൾ അദ്ദേഹത്തിനു ലഭിക്കുന്ന ആദരവ് കാണുമ്പോൾ എന്റെ അച്ഛൻ വലിയ ശക്തിയുള്ള വലിയ ആളാണെന്നു ഞാൻ കരുതി. അദ്ദേഹമായിരുന്നു എന്റെ റോൾ മോഡൽ.

ഒരു ദിവസം കോളേജ് കഴിഞ്ഞപ്പോൾ അച്ഛനെ കാണാമെന്നു കരുതി ഞാൻ അദ്ദേഹത്തോടു പറയാതെഓഫീസിൽ പോയി. അകത്തു ചെന്നപ്പോൾ ഞാൻ കണ്ട കാഴ്ച എന്നെ വല്ലാതെ വേദനിപ്പിച്ചു. സ്ഥാപനത്തിന്റെ ഉടമ എന്റെ അച്ഛനെ വലിയ ശബ്ദത്തിൽ ശകാരിക്കുകയാണ്. സ്ഥാപനത്തിലെ അത്രയും പേരുടെ മുന്നിൽ വച്ചാണ് ഇത് നടന്നത്. അച്ഛൻ തലകുനിച്ച് അത് കേട്ട് കൊണ്ടിരുന്നു. ഉടമ അവിടെ നിന്ന് മടങ്ങുമ്പോൾ ഞാൻ വലിയ ആളെന്ന കരുതിയ അച്ഛൻ കരയുകയായിരുന്നു. ആ സാഹചര്യത്തിൽ എന്നെ കണ്ടാൽ അച്ഛന്റെ വിഷമം അധികരിക്കും എന്ന് കരുതി ഞാൻ കണ്ണിൽ പെടാതെ വീട്ടിലേക്കു പോന്നു.

പുതിയ ആരംഭം ആകട്ടെ

അന്ന് ഞാൻ ഒരു തീരുമാനം എടുത്തു, 'ഞാൻ ഏതു ജോലിയിൽ ചേർന്നാലും സ്വന്തം വ്യവസായം തുടങ്ങിയാലും അച്ഛനോട് ആ ഉടമ കാട്ടിയത് പോലെ ഒരിക്കലും ചെയ്യില്ല. കാരണം എല്ലാ ജീവനക്കാർക്കും മകനും മകളും ഉണ്ട്. അച്ഛൻ വലിയ ആളാണ് എന്നാകും അവർ ചിന്തിക്കുന്നത്. ആ വിശ്വാസം തകർക്കുന്ന ഒന്നും എന്റെ പക്ഷത്തു നിന്നും ഉണ്ടാകരുത് എന്ന് കരുതി' മഹേഷ് പറഞ്ഞു.

ഓരോ കാര്യത്തിൽ നിന്നും തീരുമാനത്തിൽ നിന്നും പുതിയ തുടക്കം ഉണ്ടാകും. ഒരു പുതിയ മനുഷ്യനായി പുതിയ ജിവിതം തുടങ്ങാൻ നിങ്ങൾ ചില മാറ്റങ്ങൾക്ക് വിധേയനാകണം. അവ:

● എന്താണ് നിങ്ങൾക്ക് വേണ്ടതെന്ന് തുടക്കത്തിൽ തന്നെ തീരുമാനിക്കണം. ജീവിതത്തിൽ, ജോലിയിൽ, വ്യവസായത്തിൽ, ബിസിനസിൽ മാറ്റത്തിനായി പുതുതായി എന്തെങ്കിലും തുടങ്ങാം. ഈ തുടക്കം മൂലം നാം എന്താകാൻ ആഗ്രഹിക്കുന്നു എന്നതിൽ ഒരു കണിശം വേണം. അതിന് ആദ്യം എന്ത് ചെയ്യണം എന്ന് മനസ്സിലാക്കണം. കൃത്യമായ ലക്ഷ്യത്തോടെ ഏത് ആരംഭിച്ചാലും അത് തികഞ്ഞ ആത്മവിശ്വാസത്തോടെ മുന്നോട്ടു കൊണ്ടു പോകാനാകും.

● നിങ്ങൾ ചെയ്യുന്ന പ്രവർത്തിയുടെ ഫലം എന്തായിരിക്കും എന്ന് വിലയിരുത്തണം. ലാഭ നഷ്ടങ്ങൾ നോക്കണം. അപ്രതീക്ഷിതമായി കുഴപ്പങ്ങൾ ഉണ്ടായാൽ അവ എങ്ങനെ നേരിടും എന്നും തീരുമാനിച്ചിരിക്കണം.

● ജീവിതത്തിൽ പുതിയ തുടക്കം എന്നത് അനായാസമാണെങ്കിൽ എല്ലാവരും അത് എന്നും തുടങ്ങിക്കൊണ്ടിരിക്കും. എന്നാൽ അതിൽ നിരവധി തടസ്സങ്ങൾ ഉണ്ടാകും എന്നതാണ് യാഥാർത്ഥ്യം. ജീവിതത്തിൽ ഉണ്ടാകുന്ന അപ്രതീക്ഷിതമായ മാറ്റങ്ങളുമായി നാം പൊരുത്തപ്പെട്ടു പോകണം. ഇല്ലെങ്കിൽ മാനസികമായി തളരും.

● കൈവശം വേണ്ട പദ്ധതികൾ ഇല്ലെങ്കിൽ ഒന്നും ചെയ്യാനാവില്ല. എന്താണ് ചെയ്യാൻ പോകുന്നത്, അത് എങ്ങനെ പ്രവർത്തനപഥത്തിൽ കൊണ്ടു വരും, അതിന് എന്തെല്ലാം ആവശ്യമാണ്, ആരെല്ലാം സഹായിക്കും, ഇതിന് നമ്മുടെ ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തണം എന്നെല്ലാം പദ്ധതിയിടണം. അപ്രതീക്ഷിതമായ തിരിച്ചടികളും ആലോചിക്കണം. ഒരു സാഹചര്യത്തിലും നിങ്ങൾ വലിയ പ്രതിസന്ധിയിൽ പെടില്ല.

● ഇത്രയും നാൾ ആയിരുന്നതു പോലെ തുടർന്നാൽ പുതിയതായി ഒന്നും സാധിക്കാനാകില്ല. ജീവിതത്തിൽ തലകീഴായ മാറ്റങ്ങൾക്ക് തയാറാകണം. പുതുതായി വിരിഞ്ഞ ഒരു പൂ പോലെ നിങ്ങളുടെ ഓരോ ദിവസവും നവോന്മേഷം നിറഞ്ഞതാകണം. നെഗറ്റീവ് ചിന്തകൾ ഒഴിവാക്കണം. ഏത് ജോലിയിൽ ഏർപ്പെട്ടാലും അതിൽ പൂർണ വിശ്വാസം ഉണ്ടാകണം.

● നിങ്ങളുടെ ജാഗ്രത നിങ്ങളിൽ മാത്രമാകണം. മറ്റുള്ളവരെപ്പോലെ ഒന്നും കഴിയുന്നില്ലല്ലോ എന്ന് വിചാരിച്ചാൽ ആത്മവിശ്വാസം പോയ്പ്പോകും. നിങ്ങളുടെ കൈവശം ഉള്ളതു കൊണ്ട് എന്ത് ചെയ്യാനാകുമോ അത് ചെയ്യണം.

● പുതുതായി ഒരു വിഷയം തുടങ്ങുന്നതിനോ ചെയ്യുന്നതിനോ ഭയപ്പെടരുത്. നല്ല ഫലം ലഭിക്കാൻ ശാന്തമായി കാത്തിരിക്കുക. നിങ്ങളുടെ സാഹചര്യം മനസ്സിലാക്കാതെ മറ്റുള്ളവർ പറയുന്ന വാക്കുകൾക്ക് ചെവി കൊടുക്കരുത്. നിങ്ങൾ നിശ്ചയമായി ജയിക്കും. ●

ഏതാണ് ആരംഭിക്കേണ്ടത്?

ചെരിഞ്ഞ ഒരു മലമ്പാതയിൽ ഒരു കൂറ്റൻ കല്ല് ഉരുട്ടി മേലോട്ട് കയറ്റിയാൽ അത് താഴേക്ക് ഉരുണ്ട് തറയിൽ വീഴും. വീണ്ടും കല്ല് ഉരുട്ടി നോക്കിയാലും അതാകും ഫലം. വീണ്ടും അത് ആവർത്തിക്കുന്നതിലും വലിയ അബദ്ധം ഇല്ല. പലരും ഒരേ വിഷയം വീണ്ടും വീണ്ടും തുടങ്ങി ഇങ്ങനെയാണ് തോറ്റു പോകുന്നത്.

ഒരു സ്ഥാപനത്തിൽ അപ്രതീക്ഷിതമായി വലിയ നഷ്ടം ഉണ്ടായത് മൂലം രണ്ടു പേരെ ജോലിയിൽ നിന്ന് പറഞ്ഞു വിട്ടു. അതിൽ ആദ്യത്തെ ആൾ തന്റെ കസേരയിൽ വന്നിരുന്ന് വീണ്ടും ജോലി തേടേണ്ട ഗതികേട് എനിക്ക് വന്നുവല്ലോ എന്ന് പരിതപിച്ചു. രണ്ടാമൻ ആകട്ടെ തന്റെ കസേരയിൽ ഇരുന്ന് എന്തോ കാര്യമായി ചെയ്യുകയാണ്. 'ഈ സാഹചര്യത്തിലും ജോലി ചെയ്യുകയാണോ?' ഒരാൾ അത്ഭുതം കൂറി. 'ഇല്ല, ഞാൻ എന്റെ ബയോ ഡാറ്റ റെഡി ആക്കുകയാണ്. ഇതിലും നല്ല ഒരു ജോലിക്കായുള്ള ഒരു തുടക്കമായാണ് ഇതിനെ ഞാൻ കാണുന്നത്,' അയാൾ പറഞ്ഞു. എന്താണ് ആരംഭിക്കുന്നതെന്നതാണ് പ്രധാനം.

മാറ്റവും ആരംഭവും

ഒരാൾ തന്റെ പ്രവർത്തനത്തിൽ എല്ലാ തലത്തിലും സമൂല മാറ്റം വരുത്തിയാലേ പുതുതായി എന്തെങ്കിലും തുടങ്ങാൻ കഴിയൂ എന്ന് ചിലർ പറയും. എന്നാൽ ഒരാൾക്ക് തന്റെ സ്വഭാവം സമൂലം മാറ്റി പുതുതായി ഒന്നും തുടങ്ങാനാവില്ല. ഒരു പട്ടുനൂൽ പുഴു ചിത്രശലഭമായി മാറുന്നത് പോലെ ഇപ്പോഴത്തെ നിലയിൽ നിന്ന് കുറച്ചു കൂടി മെച്ചപ്പെട്ടതിലേക്ക് മാറാനേ ഒരാൾക്ക് കഴിയൂ. ആ മാറ്റം പുതിയ മാറ്റത്തിനുള്ള ആത്മവിശ്വാസം നൽകും.

പുതിയ കാര്യങ്ങൾക്കായി നാം മാറുമ്പോൾ ചില കാര്യങ്ങൾ മറക്കരുത്. നിങ്ങളുടെ ബലഹീനത നിങ്ങൾ മനസ്സിലാക്കിയിരിക്കണം. അവ പെട്ടെന്ന് നിങ്ങൾക്ക് മാറ്റാനാവില്ല. എന്നാൽ അവ നിങ്ങളുടെ പ്രവർത്തനത്തിന് തടസ്സം വരുന്ന അവസ്ഥ സൃഷ്ടിക്കരുത്. നിങ്ങളുടെ ശക്തി എന്തിലാണെന്ന് തിരിച്ചറിഞ്ഞ് അതനുസരിച്ചു പ്രവർത്തിക്കണം. നിങ്ങളുടെ ആഗ്രഹവും താൽപര്യവും മിടുക്കും അറിഞ്ഞ് അവിടെ നിന്ന് തുടങ്ങുക.

ഇന്നിൽ ജീവിക്കുക

മൂന്ന് പേർ ക്ഷയിച്ച ഒരു മരപ്പാലത്തിലൂടെ നടക്കുകയാണ്. വേഗത്തിൽ അടിച്ച കാറ്റിൽ പാലം ശക്തമായി ആടാൻ തുടങ്ങി. പാലത്തിന്റെ ഒരു വശം ചേർന്ന് സഞ്ചരിച്ച ആൾ വല്ലാതെ ഭയന്നു പോയി. ഭയന്ന് ചാകുന്നതിനേക്കാൾ പാലത്തിനടിയിലുള്ള വലിയ നദിയിൽ ചാടുകയാണ് ഭേദം എന്നയാൾ കരുതി. സുരക്ഷിതമായി നടുവിലൂടെ നടന്ന രണ്ടാമത്തെ ആൾ പാലം തകർന്ന് താഴെ വീണു പോകുമോ എന്ന് ഭയന്നു. മൂന്നാമത്തെ മനുഷ്യൻ, പാലത്തിനരികിലൂടെ നടന്നു കൊണ്ട് നദിയുടെ ഭംഗി ആസ്വദിച്ചു.

ഇതിൽ ആദ്യത്തെ വ്യക്തി കഴിഞ്ഞ കാലത്തിൽ കഴിയുകയാണ്. ജീവിതത്തിലെ ദുരന്തങ്ങൾ മാത്രമേ അയാളുടെ മനസ്സിൽ ഉള്ളൂ. രണ്ടാമത്തെ വ്യക്തി ഭാവികാലത്തെപ്പറ്റിയാണ് ആശങ്കപ്പെടുന്നത്. എപ്പോഴും ഭയത്തിലാണ് അയാൾ. കഴിഞ്ഞകാലത്തെപ്പറ്റിയും ഭാവിയെപ്പറ്റിയും ചിന്തിക്കാതെ ഈ വർത്തമാന കാലത്തിൽ സന്തോഷത്തോടെ എന്ത് ആരംഭിക്കണമെന്ന് മൂന്നാമൻ ചിന്തിക്കുന്നു.

തുടക്കം അവശ്യം

വെർജിൻ അറ്റ്ലാന്റിക് സ്ഥാപനത്തിന്റെ തലവനാണ് റിച്ചാർഡ് ബ്രാൻസൺ. ഏകദേശം 400 സ്ഥാപനങ്ങൾ അദ്ദേഹത്തിനുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ തുടക്കം അത്ര സുഖകരമായിരുന്നില്ല. പഠനവൈകല്യമുള്ള അദ്ദേഹത്തിന സ്കൂളിൽ നന്നായി പഠിക്കാൻ കഴിഞ്ഞില്ല.പതിനാറാം വയസ്സിൽ സ്കൂൾ വിട്ട അദ്ദേഹം ആദ്യം മരം വളർത്തുന്ന വ്യവസായമാണ് തുടങ്ങിയത്. ഇതേ തുടർന്ന് കുട്ടികൾക്കായുള്ള ഒരു പത്രം തുടങ്ങി. അതിനായി ഒരു പരസ്യ സ്ഥാപനം തുടങ്ങി. പിന്നിട് ഒരു സംഗീത സ്ഥാപനം. യുവാക്കൾക്കായി അദ്ദേഹം നിരവധി ബിസിനസ് സംരംഭങ്ങൾ തുടങ്ങി.

പിന്നിട് പടിപടിയായി ബാങ്ക്, വിമാനം, യാത്രക്കാർക്കുള്ള സർവീസ്, മെഡിക്കൽ സർവിസ്, മൊബൈൽ സർവീസ് തുടങ്ങി പലതും ആരംഭിച്ചു. അദ്ദേഹം മികച്ച വിദ്യാർത്ഥിയോ വലിയ മാനേജ്മെന്റ് വിദഗ്ധനോ അല്ല. പിന്നെയെങ്ങനെയാണ് അദ്ദേഹം ജയിച്ചത്?

അദ്ദേഹത്തിന് എല്ലാം നന്നായി തുടങ്ങാൻ അറിയാം. അദ്ദേഹം ഒരു കാര്യം തീരുമാനിച്ചാൽ അത് നടപ്പാക്കും. ജീവിതത്തിൽ എന്ത് സ്വപ്നം കണ്ടാലും ഉടനെ അത് പ്രാവർത്തികമാക്കും. പ്രവർത്തിയിലൂടെയേ മാറ്റം ഉണ്ടാകൂ.

തുടക്കവും തുടർച്ചയും

കാട്ടുപാതയിലൂടെ സഞ്ചരിച്ചിരുന്ന ഒരു ഗുരു, പാറക്കൂട്ടത്തിനു മുകളിലൂടെ ഒഴുകിയിരുന്ന അരുവിയെ നോക്കി നിശ്ശബ്ദനായി നിന്നു. ഒരു ശിൽപം പോലെ മനോഹരമായിരുന്ന ആ പാറയാണ് അദ്ദേഹത്തെ അത്ഭുത സ്തബ്ധനാക്കിയത്. തന്റെ ശിഷ്യനെ വിളിച്ച് അദ്ദേഹം അത് കാട്ടി. ശിഷ്യന് ഒന്നും മനസ്സിലായില്ല. 'എന്താണ് ഗുരു?' അവൻ ചോദിച്ചു.

'ഈ പാറയിൽ പതിക്കുന്ന വെള്ളത്തുള്ളികൾ നോക്കുക. ചെറിയ തുള്ളികളാണ് പാറയിൽ പതിക്കുന്നത്. അത് വലിയ വേഗത്തിലുമല്ല വീഴുന്നത്. ഇത് നമുക്ക് രണ്ടു പാഠങ്ങൾ തരുന്നു. അറിയുമോ?' ഗുരു ചോദിച്ചു. ശിഷ്യന് മറുപടിയില്ല.

'ഈ ചെറിയ വെള്ളത്തുള്ളി എത്രയോ വർഷങ്ങളായി ഈ പാറയിൽ വീണ് അതിനെ മിനുസവും മൃദുലവുമാക്കി. അതിനെ ഒരു ശിൽപം പോലെ മനോഹരമാക്കി. ചെറിയ പ്രവൃത്തി ആണെങ്കിലും അത് തുടങ്ങി, തളരാതെ അതുമായി മുന്നേറിയാൽ വിജയം നിശ്ചയമാണ്.' ഇത് വേറൊരു വിധത്തിലും നോക്കാം. 'കഠിനമായ ഈ പാറ ചെറിയ വെള്ളത്തുള്ളികൾ മൂലം ബലഹീനമായി മാറി. വലിയ മനുഷ്യരും ഇത് പോലെ ചെറിയ ബലഹീനതകൾക്ക് വശംവദരായാൽ വീണു പോകും. ജീവിതത്തിൽ ഈ രണ്ടു പാഠങ്ങളും പ്രധാനമാണ്.' ശിഷ്യന് അർത്ഥം വ്യക്തമായി.

ജോലി, വ്യവസായം, ബിസിനസ് തുടങ്ങി എന്ത് ചെയ്താലും അതിൽ രണ്ടു തുടക്കങ്ങൾ ഉണ്ട്. അത് മനസ്സിലാക്കി പ്രവർത്തിക്കുന്നവർ മാത്രമാണ് ജീവിതത്തിൽ മുന്നേറുക. അദ്യ തുടക്കം എന്നത് നിങ്ങൾ ഒരു പ്രവൃത്തി ആരംഭിക്കുന്ന നടപടിയാണ്. പഠനം അവസാനിപ്പിച്ച് ഒരു ജോലിയിലോ വ്യവസായത്തിലോ പ്രവേശിക്കുമ്പോൾ അതിൽ വലിയ നേട്ടങ്ങൾ ലഭിക്കില്ല. എത്ര കഷ്ടപ്പെട്ട് അധ്വാനിച്ചാലും വ്യവസായത്തിൽ കിട്ടുന്ന ലാഭം കുറവായിരിക്കും. ജോലിയിൽ നാം ചെയ്യുന്ന അധ്വാനവും ശമ്പളവും തമ്മിൽ ഒരു പൊരുത്തവുമുണ്ടാകില്ല.

എന്നാൽ ഇതിന്റെ പേരിൽ നിങ്ങൾ വിഷമിക്കരുത്. തൊഴിലിലോ വ്യവസായത്തിലോ നിങ്ങൾ തുടക്കം കുറിക്കുമ്പോൾ ആ നേരം നിങ്ങളുടെ പരിശീലനകാലമായി കാണണം. വ്യവസായത്തിൽ വരുംവരായ്കകൾ, ജനങ്ങളുടെ മനോനില തുടങ്ങിയവ നിങ്ങൾ പഠിക്കുന്നു. ഇത് നിങ്ങൾക്ക് നൽകുന്ന അനുഭവം വലുതാണ്. അതേ പോലെ ജോലിയിൽ ശമ്പളം കുറവായിരിക്കാമെങ്കിലും ഒരു സ്ഥാപനം നിങ്ങൾക്ക് നല്ലൊരു പരിശീലനക്കളരി നൽകുന്നതായി നിങ്ങൾ കണക്കാക്കണം. എങ്കിൽ വിഷമം തോന്നില്ല.

ക്ഷമയോടെ കാത്തിരുന്നാൽ ചില വർഷങ്ങളിൽ നിങ്ങളുടെ അധ്വാനത്തിന് ചേർന്ന വരുമാനമോ ലാഭമോ ലഭിക്കും. ആ ഘട്ടത്തിൽ പലരും സംതൃപ്തരായി മാറും. 'ഇത് മതി' എന്ന് പറഞ്ഞു വിശ്രമിക്കും. എന്നാൽ ഇതാണ് അടുത്ത ഘട്ട വളർച്ച നോക്കി മുന്നോട്ടു പോകേണ്ട നേരം. ഭൂമിയിൽ നിന്ന് ഉയരത്തിൽ എത്തി എന്ന് തൃപ്തിപ്പെട്ടാൽ ഒരു റോക്കറ്റിന് ആകാശം ഭേദിച്ചു മുന്നേറാൻ കഴിയില്ല. ഓരോ ഘട്ടത്തിലും അത് തന്റെ വേഗം അധികരിപ്പിക്കും. കത്തിത്തീർന്ന ഇന്ധന ഘട്ടങ്ങൾ വിട്ട് അത് കുതിച്ചു പായും. അങ്ങനെയാകണം നമ്മുടെ രണ്ടാമത്തെ തുടക്കം.

ഉന്തുവണ്ടിയിൽ ഐസ് ക്രീം വിറ്റു നടന്ന ഒരാൾ സ്വന്തം ബ്രാൻഡ് ഐസ് ക്രീം കമ്പനി സ്ഥാപിച്ച ചരിത്രമുണ്ട്. കെട്ടിടത്തൊഴിലാളി വലിയ കെട്ടിട നിർമ്മാണ സ്ഥാപന ഉടമയായതും ചരിത്രം. ഒരു സ്ഥാപനത്തിൽ ക്ലാർക്ക് ആയി തുടങ്ങിയ ആൾ മാനേജരായി ഉയർന്ന കഥയും നാം കേൾക്കാറുണ്ട്. ആദ്യകാലത്ത് ഒട്ടേറെ കഷ്ടപ്പാടുകളിൽ കൂടി കടന്നു വലിയ അനുഭവങ്ങൾ സമ്പാദിക്കുന്ന ഒരാൾ അപ്പോഴാണ് തനിക്ക് ലഭിച്ച ഈ അനുഭവങ്ങൾ തന്റെ മേഖലയിൽ ഉപയോഗപ്പെടുത്തുക ഈ രണ്ടാം ഘട്ടത്തിൽ അവർ കുറച്ചു മാത്രമാകും അധ്വാനിക്കുക. എന്നാൽ ഏറെ സമ്പാദിക്കും.

ഇരുപതാം വയസ്സിൽ തുടങ്ങിയ അതേ ജോലി അറുപതാം വയസ്സിലും ചെയ്യുന്നു എങ്കിൽ ഒരാളുടെ ജിവിതത്തിൽ ഒരു മുന്നേറ്റവും ഇല്ല. മാത്രമല്ല, ആ ജീവിതത്തിൽ ആ രണ്ടാം ഘട്ടം തുടങ്ങിയില്ല എന്നർത്ഥം. ജീവിതത്തിൽ രണ്ട് ആരംഭങ്ങളും പ്രധാനമാണ്. ഒന്നും പാഴാക്കിക്കളയരുത്. ●

രണ്ട് തുടക്കങ്ങൾ

താൽപര്യം ഉണ്ടോ?



ഒട്ടേറെപ്പേർക്ക് ഇങ്ങനെ ഒരു ശീലം ഉണ്ടാകും. ഒരു പ്രവർത്തിയോ ജോലിയോ ചെയ്യാൻ തുടങ്ങുമ്പോൾ അവർക്ക് അതിരുകവിഞ്ഞ ഉത്സാഹം ഉണ്ടാകും. തുടക്കത്തിൽ ഉള്ള ആ ഊർജം നാളുകൾ ചെല്ലുംതോറും കുറഞ്ഞു വരും. താൽപര്യം കുറഞ്ഞാൽ നൈസർഗികമായി ആ ജോലിയിൽ മുഴുകാൻ ബുദ്ധിമുട്ട് ഉണ്ടാകും. അതിനാൽ അതിൽ നിന്ന് അപ്രതീക്ഷിതമായ നേട്ടമൊന്നും പ്രതീക്ഷിക്കാനാവില്ല. ഒരവസരത്തിൽ എങ്ങനെയെങ്കിലും ഇത് തീർന്നു കിട്ടിയാൽ മതി എന്ന തോന്നലിൽ അവർ എത്തും.

ഇങ്ങനെ താൽപര്യമില്ലാത്ത പണികളിൽ ഏർപ്പെട്ടിരിക്കുന്നവർ നിരവധിയാണ്. ഒരു പാഠം ആവേശത്തോടെ പഠിച്ചു തുടങ്ങുന്ന വിദ്യാർത്ഥി രണ്ടാമത്തെ പാഠം പഠിക്കാൻ എത്തുമ്പോൾ മടിപിടിക്കും. രാവിലെ അതീവ താൽപര്യത്തോടെ ഒരു ജോലി ചെയ്തു തുടങ്ങുന്ന തൊഴിലാളി 11 മണിക്ക് ചായ കുടിച്ചു വന്നതിനു ശേഷം മടിപിടിച്ച് പണി ചെയ്യും. രാവിലെ ഒരു കടയിൽ ഒറ്റയടിക്ക് നിരവധി ഉപഭോക്താക്കളുടെ കാര്യം നോക്കുന്നയാൾ വൈകുന്നേരമാകുമ്പോഴേക്കും തളർന്നു പോകും. ഉപഭോക്താക്കൾ കാത്തിരുന്നു മടുക്കും.

ഇങ്ങനെയുള്ള വ്യക്തികളെ യാതൊരു താൽപര്യവും പ്രകടിപ്പിക്കാത്തവർ എന്ന് പറയും. എന്തു കൊണ്ടാണ് ഇവർ ഇങ്ങനെ ആകുന്നത്? അതിന് പലവിധ കാരണങ്ങൾ ഉണ്ടാകും. ഒരാൾക്ക് ഒരു കാര്യം ഇഷ്ടമല്ല എങ്കിലും മറ്റൊരു മാർഗം ഇല്ലാതെ വരുന്നത് കൊണ്ടു ചെയ്യുന്നതാണ് എന്നതാണ് ഒരു പ്രധാന കാരണം. ഒരേതരം ജോലി ചെയ്ത് താൽപര്യം കെട്ടുപോകുന്നതാണ് മറ്റൊരു കാരണം. ഒരു ജോലി ചെയ്യുമ്പോഴേ മറ്റൊരു ജോലിയിൽ താൽപര്യം കാട്ടുന്നതാണ് മറ്റൊരു കാരണം.

നിങ്ങളോ നിങ്ങൾ അറിയുന്ന ആരെങ്കിലുമോ ആകട്ടെ,പുതുതായിതുടങ്ങിയഒരുപ്രവൃത്തിഅതേ താൽപര്യത്തോടെ ചെയ്തു പൂർത്തിയാക്കാൻ ചില വഴികൾ ഉണ്ട്:

- നിങ്ങൾ ചെയ്യുന്ന പ്രവൃത്തി എന്തായിരുന്നാലും അതിനെപ്പറ്റി പൂർണമായി പഠിക്കണം. ഒരു വിദ്യാർത്ഥി പരീക്ഷയിൽ മാർക്ക് നേടിയില്ലെങ്കിൽ വീട്ടിൽ ശാസിക്കും എന്ന് കരുതി പഠിച്ചാൽ അവർക്ക് പഠനത്തിൽ താൽപര്യം ഉണ്ടാകില്ല. 'ഈ പരീക്ഷയിൽ നല്ല മാർക്ക് വാങ്ങി നല്ല കോളേജിൽ ചേർന്നാൽ മാത്രമേ എനിക്ക് നല്ല ജോലി കിട്ടൂ. ജീവിതത്തിൽ നല്ല ഭാവിയുണ്ടാകൂ' എന്ന് ധരിച്ചാൽ പഠിക്കാൻ അവർക്ക് താൽപര്യം ഉണ്ടാകും. ഇങ്ങനെ ഓരോ പ്രവർത്തിക്കു പിന്നിലുമുള്ള കാരണം മനസ്സിലാക്കി പ്രവർത്തിച്ചാൽ അത് നമുക്ക് ചെയ്യാൻ താൽപര്യമുണ്ടാകും.
- ഒരേ കാര്യം വീണ്ടും ചെയ്യുന്നത് ചിലർക്ക് മടുപ്പ് ഉണ്ടാക്കും. ഒരു ഡ്രൈവർ ഒരു ബസ് ഒരേ വഴി ജീവിതകാലം മുഴുവൻ ഓടിക്കുന്നു. എന്നാൽ ദിവസവും മാറി വരുന്ന യാത്രക്കാരുമായി അയാൾ സംസാരിച്ചാൽ അയാൾക്ക് പുതിയ അനുഭവവും ഉൽസാഹവുമുണ്ടാകും. മടുപ്പ് ഒഴിവാക്കാൻ ഇതാണ് മാർഗം.
- ഒരു ജോലി ചെയ്യുമ്പോൾ മറ്റൊരു ജോലിയിൽ നിങ്ങൾക്ക് താൽപര്യം വരുന്നുവോ? ഒരു ജോലി ചെയ്തു തീർക്കുമ്പോഴാണ് നിങ്ങളുടെ മികവും യോഗ്യതയും നിർണയിക്കപ്പെടുന്നതെന്ന് മറക്കരുത്. അപ്പോൾ മനസ്സ് വ്യതിചലിക്കില്ല.

പുതു വർഷത്തിൽ പുതിയ തുടക്കം

കഴിഞ്ഞ 12 മാസങ്ങൾ എന്ത് ചെയ്തുവെന്ന് ആലോചിച്ച് 2026 എങ്ങനെ ചെലവഴിക്കണമെന്ന് നിശ്ചയിക്കുന്ന സമയമാണിത്. പുതുവർഷ നിശ്ചയങ്ങൾ, ശപഥങ്ങൾ തുടങ്ങിയവ പലരും അതേ അർത്ഥത്തിൽ എടുക്കും. 'നമുക്ക് ഇത് ചെയ്യാൻ കഴിയുമോ' എന്ന് നോക്കാതെ, നമുക്ക് ഇത് ചെയ്യാനുള്ള ദൃഢനിശ്ചയം ഇല്ല എന്ന് കുറ്റബോധം പ്രകടിപ്പിക്കാതെ ഉദ്ദേശിക്കുന്ന കാര്യങ്ങൾ നമുക്ക് സന്തോഷത്തോടെ ചെയ്യാൻ കഴിയും. അതിന് നിങ്ങളുടെ ജീവിതം ലളിതമായി മാറ്റുന്ന ചില പ്രതിജ്ഞകൾ എടുക്കുക...

- ഒട്ടേറെ ജോലികൾ, നിങ്ങൾക്ക് മുന്നിലുള്ള നിരവധി വിനോദോപാധികൾ എന്നിവയ്ക്കിടയിൽ മാസം രണ്ടു പുസ്തകങ്ങൾ എങ്കിലും വായിക്കുമെന്ന് പ്രതിജ്ഞ ചെയ്യണം. അതിൽ ഒരു പുസ്തകം നിങ്ങളുടെ ജോലിയിലോ വ്യവസായത്തിലോ വരുന്ന മാറ്റങ്ങളെ പറ്റി ഉൾക്കാഴ്ച നൽകുന്നതാകണം. രണ്ടാമത്തെ പുസ്തകം നിങ്ങളുടെ മനസ്സിനെ വിശാലമാക്കണം. ഓരോ ദിവസവും ചെറുതായി എന്തെങ്കിലും പഠിക്കുന്നത് നിങ്ങളുടെ മസ്തിഷ്കത്തിന് പുത്തുണർവ് നൽകും.

- ഇപ്പോൾ ഓൺലൈനിൽ നിങ്ങൾക്ക് നിരവധി കാര്യങ്ങൾ പരിശീലിക്കാം. നിങ്ങളുടെ ജോലിക്കോ താൽപര്യത്തിനോ ചേർന്ന ഒരു പരിശീലന പരിപാടിയിൽ ചേരുക. അത് നിങ്ങൾക്ക് പുതിയ അനുഭവം നൽകും. പഠിക്കാനുള്ള മനോഭാവം ഉണ്ടെങ്കിൽ നിങ്ങളെ അത് പക്വമതിയാക്കും.

- ഓരോ തവണ കടയിൽ പോകുമ്പോഴും പുതുതായി പഴങ്ങളോ പച്ചക്കറികളോ വാങ്ങി കൊണ്ടുവന്ന് കഴിക്കണം. ഓരോ സീസണിലും കൂടുതൽ കണ്ടു വരുന്ന പഴങ്ങളും പച്ചക്കറികളും കഴിക്കണം. അതേപോലെ ഇതേ വരെ രുചിക്കാത്ത പഴമോ പച്ചക്കറിയോ കഴിക്കുമെന്നും തീരുമാനമെടുക്കണം. .

- ക്രെഡിറ്റ് കാർഡ് കൈവശമുള്ളവർ ഓരോ മാസവും അതിന്റെ തവണ അടയ്ക്കാൻ സന്ദേശം വരുമ്പോഴാണ് തുക അടക്കുന്നത്. അല്ലെങ്കിൽ തവണകളായി കടമായി അടക്കും. ഓരോ തവണ കാർഡ് സ്റ്റേറ്റ്മെന്റ് വരുമ്പോഴും അത് ശ്രദ്ധിച്ചു നോക്കണം. ഏതിനാണ് കൂടുതൽ ചെലവഴിച്ചത്, എതെല്ലാം ചെലവുകൾ ഒഴിവാക്കാമായിരുന്നു എന്ന് വിശദമായി പരിശോധിക്കുക. ജാഗ്രതയില്ലാതെ പണം ചെലവഴിക്കുന്ന രീതി ഒഴിവാക്കാനാകും.

- ചില പ്രവർത്തികൾ ചെയ്യുന്നതിന് നാം ഭയപ്പെടും. എന്നാൽ അവ നമുക്ക് ഗുണകരമാകുന്നതാകും. അങ്ങനെ ഭയം മൂലം ചെയ്യാതിരുന്ന ഒരു കാര്യം ഈ വർഷം ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്യുക. അത് നിങ്ങളെ പുതിയ

വ്യക്തിയാക്കി മാറ്റും.

● ആഴ്ചയിൽ അൽപ നേരംസെൽഫോൺ, കമ്പ്യൂട്ടർതുടങ്ങിയവമാറ്റിവച്ച് നിങ്ങൾക്കായിമാറ്റി ചെലവഴിക്കുക. കുടുംബവുമായിസംസാരിക്കാനും പാർക്കിൽ പോകാനും പുസ്തകം വായിക്കാനും ആ നേരം പ്രയോജനപ്പെടുത്തുക.

● വീട്ടിലും ഓഫീസിലും നിങ്ങളുടെ മേശ തുടങ്ങി എല്ലാം വൃത്തിയായിരിക്കണം. അത് മനസ്സിന് ഉത്സാഹം നൽകും. ജോലി ചുറുചുറുക്കായി ചെയ്യാനും അത് പ്രേരിപ്പിക്കും.

● ഭാവിക്കായി നിങ്ങൾ ഇതുവരെ സമ്പാദിച്ചിട്ടില്ലേ?ഈ ജനുവരി മുതൽ ഓരോ മാസവും ഇത്ര തുക സമ്പാദിച്ചു വയ്ക്കും എന്ന് പ്രതിജ്ഞ എടുക്കണം. നേരത്തെ തന്നെ സമ്പാദ്യശീലം ഉള്ളവർആതുകവർധിപ്പിക്കാൻവഴികണ്ടെത്തണം.

● പ്രായം കൂടുംതോറും ആരോഗ്യത്തിന് പ്രാധാന്യം നൽകണം. പ്രത്യേകിച്ചു, ഒരു ദിവസം കുറഞ്ഞത് 20 മിനിറ്റ് നടക്കാൻ പോകുമെന്ന് പ്രതിജ്ഞ എടുക്കണം. ശരീരത്തിൽ സൂര്യപ്രകാശം പതിക്കും. ശുദ്ധവായു ശ്വസിക്കാം. ദിവസം കുറച്ചു നേരം ധ്യാനിക്കുന്നത് മനസ്സിന് നല്ലതാണ്.

● ദിവസവും രാത്രി ഏറെ നേരം ടി വി കാണാതെ, സമൂഹ മാധ്യമങ്ങളിൽ കുടുങ്ങാതെ നിശ്ചിത നേരത്ത് ഉറങ്ങാൻ പോകുമെന്ന് പ്രതിജ്ഞ എടുക്കണം. മതിയായ ഉറക്കം ശരീരാരോഗ്യത്തിനും മാനസികാരോഗ്യത്തിനും അവശ്യമാണ്. വേണ്ട സമയം വിശ്രമിച്ചാൽ മാത്രമേ ചുറുചുറുക്കോടെ ജോലി ചെയ്യാൻ കഴിയൂ.

● ആരോഗ്യപ്രശ്നങ്ങൾകണ്ടറിഞ്ഞ്ഡോക്ടറെ കാണുന്നതും പ്രത്യേക ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തുന്നതും പ്രധാനമാണ്. ഇത് രോഗങ്ങളെ തുടക്കത്തിലേ കണ്ട് ചികിത്സിക്കാനും രോഗം പടരുന്നത് തടയാനും സഹായിക്കും.

● മാസത്തിൽ ഒരു ദിവസം നന്നായി ആഘോഷിക്കണം. പുതു വർഷം, പിറന്ന നാൾ, വിവാഹ വാർഷികം, മാതൃദിനം, പിതൃദിനം, ശിശുദിനം തുടങ്ങിയവ കുടുംബത്തോടൊപ്പം ആഘോഷിക്കണം.അന്ന്വിലപിടിച്ചസമ്മാനങ്ങൾ നൽകുന്നതും ആ നാൾ അവിസ്മരണീയമാക്കും.

● നടക്കുമ്പോൾ, വിനോദയാത്ര ചെയ്യുമ്പോൾ, ബന്ധു വീടുകളിൽ പോകുമ്പോൾ പലരും സെൽഫോണിൽ പടങ്ങൾ എടുക്കും. സുന്ദരമായ ഓർമ്മകൾ ആണിവ. ഇവ ഇടയ്ക്കിടെ കാണുന്നത് സന്തോഷം വർധിപ്പിക്കും

● ജീവിതത്തിൽ എത്രയോ പേരുടെ സഹായം കൊണ്ടാണ് നിങ്ങൾ ഈ നിലയ്ക്ക് എത്തിയത്. അങ്ങനെ സഹായിച്ചവരെ പോയി കാണുന്നതും നന്ദി പറയുന്നതും നമ്മുടെ അന്തസ്സ് കൂട്ടും.

● അറിയാത്ത ആളോടു പോലും സ്നേഹത്തോടെ പെരുമാറുന്നതും നല്ലവാക്കുകൾ പറയുന്ന ഓരോരുത്തരെയും മനംതുറന്നു അഭിനന്ദിക്കുന്നതും നമ്മുടെ ഓരോ ദിവസവും മധുരതരമാക്കും. നമ്മളും ആദരിക്കപ്പെടും.

● ബന്ധുക്കളുമായും സുഹൃത്തുക്കളുമായും നല്ല അടുപ്പത്തിൽ കഴിയണം. ഇടയ്ക്കിടെ അവരെ കാണുന്നതും വിശേഷ അവസരങ്ങളിൽ അവരെ ആശംസിക്കുന്നതും അവരുമായുള്ള ബന്ധം ഊഷ്മളമാകാൻ സഹായിക്കും.

● വർഷം രണ്ടു തവണയെങ്കിലും വിനോദയാത്ര പോകണം. പുതിയ ഇടങ്ങളിൽ പോകുന്നത് നമുക്ക് പുതിയ അനുഭവങ്ങൾ നൽകും. മാനസികോല്ലാസം നൽകും. ●

ജോലിയിൽ പുതിയ തുടക്കം ആകട്ടെ

ഒരു സ്ഥാപനത്തിൽ ജോലിചെയ്യുന്ന ഒട്ടേറെപ്പേർ ഇതുവരെ താൻ ജോലി ചെയ്തിരുന്ന സ്ഥാപനത്തിലെ നല്ല കാര്യങ്ങൾ എപ്പോഴും പറഞ്ഞു കൊണ്ടിരിക്കും. 'അവിടെപ്പോയാൽ ധാരാളം ശമ്പളം ലഭിക്കും,' 'അവിടെ കാന്റീനിൽ ഭക്ഷണം ഉഗ്രനാണ്,' 'അവിടത്തെ മാനേജർ തങ്കപ്പെട്ട മനുഷ്യൻ' എന്നെല്ലാം പറഞ്ഞ് 'അതൊക്കെ വിട്ട് ഇവിടെ പെട്ടു പോയി' എന്ന് പുലമ്പിക്കൊണ്ടിരിക്കും.

'ശരി, അത്ര നല്ല സ്ഥാപനം വിട്ട് എന്തിനാണ് ഇങ്ങോട്ട് വന്നതെന്ന് ചോദിച്ചാൽ മറുപടി പറയാതെ അവർ ഖിന്നരാകും. അധിക ശമ്പളമോ കൂടുതൽ സൗകര്യങ്ങളോ പ്രമോഷനോ മൂലമാകും അവർ ഇവിടെ വന്നിരിക്കുക. എന്നാൽ പുതിയ ജോലിയിലെ നല്ല കാര്യങ്ങൾ ശ്രദ്ധിക്കാതെ അവർ കഴിഞ്ഞ കാലത്തിലാണ് ജീവിക്കുന്നത്.

• ഇത് ശരിയല്ല. ജീവിതത്തിൽ ഉന്നതിയിലെത്തുന്നതിൽ വലിയ തടസ്സമായി ഇത് മാറാം. ഇത് ഒഴിവാക്കി ഏതു ജോലിയായാലും അതിൽ ഗുണകരമായ ചില കാര്യങ്ങൾ തുടങ്ങുക.

• ഒരു സ്ഥാപനത്തിൽ സ്ഥിരമായ ചില നടപ്പുരീതികൾ ഉണ്ടാകും. ഇന്നത്തെ

സാഹചര്യത്തിൽ അവ അനാവശ്യമാണെന്ന് നിങ്ങൾക്ക് തോന്നാം. സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് തന്നെ അത് ദോഷകരമാകാം. അവ മാറ്റണമെന്ന് നിങ്ങൾ പറയണം. ഇതിനായി വഴക്കടിക്കേണ്ട കാര്യമൊന്നുമില്ല. അങ്ങനെ ചെയ്താൽ ബഹളക്കാരൻ എന്ന പേര് നിങ്ങൾക്ക് വീഴും. ആ രീതികൾ മാറ്റിയാൽ എന്തെല്ലാം ഗുണങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമായ ഭാഷയിൽ താങ്കൾ അവതരിപ്പിക്കണം. മാറ്റം ഉണ്ടാകും.

• മേലധികാരികൾ പറയുന്നത് കണ്ണുംപൂട്ടി കേൾക്കുന്ന കാലം പോയി അവർ വ്യക്തമായി ഉത്തരവ് തന്നില്ലെങ്കിൽ, അവർ പറയുന്നത് അതേപോലെ ചെയ്താൽ സ്ഥാപനത്തിന് നഷ്ടം വരുമെങ്കിൽ, അവർ പറയുന്നത് ശരിയല്ല എന്ന് മനസ്സിലാക്കിയാൽ ധൈര്യത്തോടെ ചോദ്യങ്ങൾ ചോദിക്കണം. സ്ഥാപനത്തിന്റെ നന്മയ്ക്കായി ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കുന്നതിൽ ഒരു തെറ്റുമില്ല. അവശ്യമായ ചോദ്യങ്ങൾ ഉന്നയിച്ചില്ലെങ്കിൽ പ്രശ്നങ്ങൾ അവസാനിക്കില്ല.

• മാറ്റങ്ങൾക്ക് ശബ്ദമുയർത്തിയാലും ധീരമായി ചോദ്യങ്ങൾ ഉന്നയിച്ചാലും നിങ്ങൾ സഹജീവികൾക്കൊപ്പം തന്നെ നിൽക്കണം. മേലധികാരികളോടും കീഴ്ജീവനക്കാരോടും ഉൾപ്പടെ എല്ലാവരോടും മര്യാദയോടെ പെരുമാറുക. കോപിക്കുന്ന മേലധികാരികളോടും കനിവോടെ പെരുമാറുന്നത് നിങ്ങളുടെ വില വർധിപ്പിക്കും. അപ്പോൾ നിങ്ങളുടെ ചോദ്യങ്ങൾ സ്ഥാപനം ശ്രവിക്കും.

• ജോലിചെയ്യുന്ന ഇടത്ത് ഒരു കാര്യം ശരിയല്ല എന്ന് നിങ്ങൾക്ക് തോന്നാം.അപ്പോൾ മറ്റു ജീവനക്കാരുടെ അഭിപ്രായവും ആരായണം. എല്ലാവർക്കും അതേ അഭിപ്രായമാണെങ്കിൽ അത് എങ്ങനെ മാറ്റുമെന്ന് ചർച്ച ചെയ്യുക. അതിനു ശേഷം അധികൃതരുമായി സംസാരിക്കുക. ഇത് ഒട്ടേറെപ്പേരുടെ അഭിപ്രായമാണ് എന്നറിയുമ്പോൾ അതിനു വലിയ വിലയുണ്ടാകും.

• ഒരു സ്ഥാപനത്തിൽ പോസിറ്റീവായ മാറ്റങ്ങൾ കൊണ്ടുവരാൻ നിങ്ങൾ സംസാരിച്ചാൽ മറ്റു ജീവനക്കാർക്കും നിങ്ങൾ ഒരു റോൾ മോഡൽ ആകും. 'ഈ ഓഫീസ് ഇങ്ങനെയാണ് ഇവിടെ ഒരു മാറ്റവും ഉണ്ടാകില്ല' എന്ന് പുലമ്പിയതു കൊണ്ട് ഒരു ഫലവും ഇല്ല എന്ന് മനസ്സിലാകും. അത് മാറ്റാൻ ശ്രമിക്കുക . ഇങ്ങനെ പോസിറ്റീവ് ചിന്ത എങ്ങും പ്രസരിക്കുമ്പോൾ അത് സ്ഥാപനത്തിന് ഗുണം ഉണ്ടാക്കും. സ്ഥാപനം വളരും.

• ഒരു ജോലി ഒരു നിശ്ചിതരീതിയിൽ ചെയ്യാൻ നിങ്ങളോട് പറയുന്നു. പക്ഷേ നിങ്ങൾക്ക് അത് വേറൊരു രീതിയിൽ എളുപ്പം ചെയ്യാൻ അറിയാം. 'ഇത് ഇങ്ങനെ ചെയ്താലോ' എന്ന് ചോദിക്കുക. രാവിലെ മീറ്റിങ്ങുകൾക്ക് ഒട്ടേറെ സമയം ചെലവഴിക്കുന്നു എന്നതിനാൽ ഉൽപാദനം കുറയുന്നു എന്ന് തോന്നിയാൽ മീറ്റിംഗ് സമയം മാറ്റുകയോ അതിനു ചെലവഴിക്കുന്ന സമയം കുറയ്ക്കുകയോ ചെയ്യുക. പ്രശ്നങ്ങൾ പരിഹരിക്കാൻ വ്യത്യസ്തമായ വഴി പറഞ്ഞാൽ നല്ല ഫലം കിട്ടും

• ധാരാളം പണി മുന്നിലിരിക്കുമ്പോൾ മറ്റൊരു പണി കൂടി ചെയ്യാൻ പറഞ്ഞാൽ അത് വേണ്ടെന്നു വയ്ക്കണം. എന്തു കൊണ്ട് മറുത്തു പറയുന്നു എന്നതിന്റെ കാരണവും പറയണം. ഒരു ജോലി പൂർത്തിയാക്കാതെ മറ്റൊരു ജോലി തുടങ്ങുന്നത് ആ സ്ഥാപനത്തെ ബാധിക്കും എന്ന് വ്യക്തമാക്കണം. ആ ജോലി ആർക്കും പെട്ടെന്ന് ചെയ്യാനാകും എന്ന വിവരവും നൽകുക.

• ഓരോ ജോലിയും നേതൃപാടവത്തോടെ ചെയ്യണം. സഹജീവനക്കാരൻ ജോലി ചെയ്തു തീർക്കാൻ ബുദ്ധിമുട്ടുകയാണെങ്കിൽ അയാളെ സഹായിക്കണം. ഒരു ജോലി തീർക്കാൻ ഓഫീസ് സമയം കഴിഞ്ഞ് ഇരിക്കണമെങ്കിൽ അത് ചെയ്യാൻ മടിക്കരുത്.

• പുതിയ ജോലി എങ്ങനെ തുടങ്ങണം എന്ന് അറിയാതെ എല്ലാവരും അന്തിച്ചു നിൽക്കുകയാണോ? നിങ്ങൾക്ക് ജോലി അറിയാമെങ്കിൽ നിങ്ങൾ അത് തുടങ്ങിവയ്ക്കണം. വലുതായി സ്വപ്നം കാണണം.

• ലഭിച്ച ജോലിയിൽ കിട്ടുന്ന വരുമാനത്തിൽ സംതൃപ്തിപ്പെടരുത്. പുതിയ അവസരങ്ങൾ നോക്കി കഠിനാധ്വാനം ചെയ്യാൻ മടിക്കരുത്. നിങ്ങളുടെ സ്ഥാപനത്തിൽ വെല്ലുവിളി ഉയർത്തുന്ന ഒരു ജോലി വരുമ്പോൾ അവർ നിങ്ങളുടെ മുഖം മനസ്സിൽ കാണണം.ആ ബഹുമാനം നേടിയെടുക്കണം. •

തുടക്കം എളുപ്പമാണോ?

ഒരു വാഹനം താക്കോൽ ഇട്ട് സ്റ്റാർട്ട് ചെയ്യുന്നത് പോലെ എളുപ്പമാണോ ജീവിതയാത്രയ്ക്ക് തുടക്കം കുറിക്കുന്നത്? നിങ്ങൾ മനസ്സ് വച്ചാൽ അത് എളുപ്പമാകും.

എല്ലാവർക്കും ഒരു തവണ മാത്രമാണ് ജീവിതം. അത് സന്തോഷത്തോടെയും വിജയകരമായും അർത്ഥപൂർണമായും ജീവിക്കണം. അതിനായി ഏതു സാഹചര്യത്തിലുംമാറാൻതയാറാകണം.അപ്രതീക്ഷിതമായ പ്രതിസന്ധികൾ എപ്പോഴും വരാം. അതിൽ രസിച്ച് അത് കടന്നു പോകാൻ പഠിച്ചാൽ നിങ്ങളുടെ ജീവിതം മാറും.

രണ്ട് ബാലന്മാർ

ദേവാലയത്തിൽ സഹായികളായി ജോലി നോക്കുകയാണ് രണ്ടു ബാലന്മാർ.ഒരു ബാലൻ യൂറോപ്പിൽ യുഗോസ്ലാവിയ എന്ന രാജ്യത്താണ് സഹായിയായി ജോലി ചെയ്തത്. മറ്റൊരാൾ അമേരിക്കയിലും.

യുഗോസ്ലാവിയയിലെ ദേവാലയത്തിലെ പുരോഹിതൻ എപ്പോഴുംകഠിനമായിശാസിക്കും.അവൻഎന്ത്ചെയ്താലുംകുറ്റം കണ്ടുപിടിക്കും. ഒരു ദിവസം വഴിപാടിന് മെഴുകുതിരികളുമായി വരുമ്പോൾ അത് നിലത്തു വീണു. തീ കാർപെറ്റിൽ പടർന്നു വലിയ നഷ്ടവും കേടുപാടുകളും പറ്റി. പുരോഹിതൻ അവന്റെ കവിളത്തു അടിച്ചു, 'ഒന്നിനും കൊള്ളാത്തവൻ' എന്ന് കുറ്റപ്പെടുത്തി അവനോടു അവിടം വിട്ടോളാൻ പറഞ്ഞു. അവിടെ നിന്ന് പറഞ്ഞയക്കപ്പെട്ട ആ ബാലൻ റോഡരികിൽ കുറ്റവാളികൾക്കൊപ്പം വളർന്നു. ഭയമോ ഈശ്വര വിശ്വാസമോ ഇല്ലാതെ വളർന്ന ആ ബാലൻ പിൽക്കാലത്ത് ആ രാജ്യത്തെ ഏകാധിപതിയായി മാറി ലക്ഷക്കണക്കിന് പേരെ വധിച്ചു.

അമേരിക്കയിലും ഇങ്ങനെ തന്നെ നടന്നു. മെഴുകുതിരി താഴെക്കളഞ്ഞ ബാലനെ കനിവോടെ പുരോഹിതൻ ആശ്വാസി പ്പിച്ചു. 'ഭയപ്പെടരുത്. നിനക്ക് അടുത്ത തവണ നന്നായി ചെയ്യാൻ കഴിയും' എന്ന് പറഞ്ഞു. പിൽക്കാലത്ത് ജനങ്ങൾ ഇഷ്ടപ്പെടുന്ന മതനേതാവായി അദ്ദേഹം ഉയർന്നു. ദേഷ്യവും ശാസനയുമല്ല, ദയയും ബഹുമാനവുമാണ് നല്ല വിളവു നൽകുന്നത്.

ആരുടെ പ്രശ്നം?

വീട്ടിൽ അച്ഛനും അമ്മയും നിരന്തരമായി വഴക്ക് അടിക്കുന്നതു കണ്ട ഒരു ബാലൻ വലിയ ദുഃഖത്തിലായി. വിഷമം അലിയിച്ചു കളയാൻ അവൻ മദ്യപാനം തുടങ്ങി. മദ്യത്തിന് അടിമയായതു മൂലം അവന് പഠിക്കാൻ കഴിഞ്ഞില്ല. എപ്പോഴും പരീക്ഷയിൽ നല്ല മാർക്കുകൾ വാങ്ങിയിരുന്ന അവൻ ഇപ്പോൾ തോറ്റു തുടങ്ങി. അധ്യാപകർ ശാസിച്ചു. സുഹൃത്തുക്കൾ അകന്നു. ആരോഗ്യം വഷളായി. തന്നെ ചുറ്റിയുള്ള പ്രശ്നങ്ങൾ അറിഞ്ഞ് അവൻ കുടി വീണ്ടും കൂട്ടി. ഉറക്കമില്ല, സന്തോഷമില്ല.

കടുത്ത വയറു വേദനയുമായി ആശുപത്രിയിൽ ഡോക്ടറെ കാത്തിരിക്കുമ്പോൾ അവിടെ രോഗവുമായി വന്ന പലരെയും അവൻ കണ്ടു. അപകടത്തിൽ കാലു പോയവർ, കിഡ്നിരോഗം മൂലം ഡയാലിസിസിനു വന്നവർ,

ആരാണ് മാറേണ്ടത്?

ഏതു കാര്യത്തിലായാലും പുതിയ തുടക്കത്തിനു ശ്രമിക്കുമ്പോൾ ഒരു കാര്യം അറിഞ്ഞിരിക്കണം. നമുക്കായി ഈ ലോകം ഒട്ടും മാറില്ല. മാറ്റം നമ്മുടെ പക്ഷത്തു നിന്നാണ് ഉണ്ടാകേണ്ടത്. അതിന് നമ്മുടെ ചിന്തയും പ്രവർത്തികളും മാറണം. ഏതു പ്രതിസന്ധിയിൽ പെട്ടാലും അതിലുള്ള നല്ല വിഷയങ്ങൾ കാണാൻ നാം പഠിക്കണം.

നമ്മൾതുടങ്ങിയവ്യവസായവും അതിനായിമുടക്കിയമൂലധനവുമെല്ലാം നഷ്ടപ്പെടുമ്പോൾ, ഒരാൾ എല്ലാം അവസാനിച്ചു എന്ന് കരുതിയാൽ അവർക്ക് പിന്നീട് മുന്നോട്ടു വരാൻ കഴിയില്ല. എല്ലാം പോയതു കൊണ്ട് എന്താണ്? കടം ഇല്ല, അത് മതി. അദ്ദേഹത്തെ വിശ്വസിച്ച് സുഹൃത്തുക്കൾ കടം കൊടുത്താൽ അയാൾക്ക് വീണ്ടും ബിസിനസ് തുടങ്ങാനാവും. ജോലി പോയ ഒരാൾ വിരക്തിയോടെ എല്ലാം വിട്ടാൽ അവർക്ക് ഭാവിമുന്നിൽ വരില്ല. 'എനിക്ക് ഇതിലും നല്ല അവസരം കിട്ടും' എന്ന് കരുതിയാൽ അയാൾക്ക് വീണ്ടും അവസരം വന്നു ചേരും. എല്ലാക്കാര്യവും മറ്റൊരു വീക്ഷണകോണിൽ കാണുന്നവർക്ക് പുതിയ തുടക്കം സുഗമമാകും.

പൂർണ വളർച്ച പ്രാപിക്കാത്ത കുട്ടികൾ അങ്ങനെ പലതരം രോഗികൾ അവിടെ ഉണ്ടായിരുന്നു. അവരുടെ വിഷമം കണ്ടപ്പോൾ തന്റെ രോഗം ഒരു പ്രശ്നമാണോ എന്ന് അവൻ സ്വയം ചോദിച്ചു.

അപ്പോഴാണ് അവന് ഒരു ജ്ഞാനോദയം ഉണ്ടായത്. തനിക്ക് ചുറ്റും നിരവധി പ്രശ്നങ്ങൾ ചൂഴ്ന്നു നിൽക്കുന്നു എന്ന് താൻ കരുതുന്നു. യഥാർത്ഥത്തിൽ അതാണോ പ്രശ്നം? അതോ താൻ തന്നെയോ എന്ന് അവൻ ആലോചിച്ചു. തന്റെ മദ്യപാനമാണ് തന്റെ പ്രശ്നമെന്ന് അവന് മനസ്സിലായി.

ആ നിമിഷം അവൻ മദ്യപാനം അവസാനിപ്പിച്ചു. .കോളേജിൽ പതിവു പോലെ പോയി തുടങ്ങി. വീണ്ടും സുഹൃത്തുക്കൾ അവനെ തേടി എത്തി. വീട്ടിൽ അവൻ മൂലം ഉണ്ടായിരുന്ന വഴക്ക് ഇല്ലാതായി. ജീവിതത്തിൽ തിരിച്ചടികൾ നേരിടുമ്പോൾ അതിനു പിന്നിൽ താനാണോ എന്ന് ചോദിച്ചാൽ പലപ്പോഴും യഥാർത്ഥ മറുപടി കിട്ടും. സ്വയം തിരുത്തി മുന്നേറാം.

വയസ്സ് എത്രയായി?

ഒരു ജ്ഞാനിയോട് അനുഗ്രഹം വാങ്ങാനായി ഒരാൾ വന്നു. എഴുപതിനു മേൽ പ്രായം വരും. എന്നാൽ വാർധക്യ ലക്ഷണങ്ങൾ ഒന്നുമില്ലാതെ വലിയ ഉത്സാഹത്തോടെയാണ് അയാളുടെ വരവ്. 'ഈ കുഞ്ഞിനെ ആശിർവദിക്കൂ' എന്ന് അയാൾ ബഹുമാനത്തോടെ തലകുനിച്ചു വണങ്ങി ആവശ്യപ്പെട്ടു. ജ്ഞാനിക്ക് അതിശയമായി. 'കുഞ്ഞ് എന്ന് പറയുന്നു... എത്രയായി വയസ്സ്?' 'നാല് വയസ്സ്' എന്ന് അദ്ദേഹം മറുപടി പറഞ്ഞു.'അത് എങ്ങനെ?' എന്ന് ജ്ഞാനി വീണ്ടും ചോദിച്ചപ്പോൾ, 'എന്റെ തെറ്റുകൾ എല്ലാം തിരുത്തി നാലു വർഷത്തിനു മുമ്പ് ഞാൻ പുതിയ ജീവിതം തുടങ്ങി. ആ മറുപിറവിയെയാണ് ഞാൻ എന്റെ വയസ്സായി കണക്കാക്കുന്നത്,' അദ്ദേഹം പറഞ്ഞു.

വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 8 ലക്കം 5

ജനുവരി 2026

ഓണററി എഡിറ്റർ

കെ ആർ നാഗരാജൻ

പത്രാധിപർ

ടി ജെ ജ്ഞാനവേൽ

എക്സിക്യൂട്ടീവ് എഡിറ്റർ

സെബാസ്റ്റ്യൻ ജോസഫ്

അസിസ്റ്റന്റ് എഡിറ്റർ

വേണുഗോപാൽ എസ്

പ്രൊഡക്ഷനും ഡിസൈനും

തരു മീഡിയ (പ്രൈ) ലിമിറ്റഡ്,

നം. 188, ഗ്രൗണ്ട് ഫ്ലോർ,

14-ആമത് ക്രോസ് സ്ട്രീറ്റ് ജങ്ഷൻ,

ഡിഫെൻസ് കോളനി,

ഈക്കാട്ടുതാങ്കൽ,

ചെന്നൈ - 600 032

മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by

K.R. NAGARAJAN,

Published from

10, Sengunthapuram

Mangalam Road, TIRUPUR–641 604.

Email: venmaii@ramrajcotton.net

പ്രതീക്ഷയുടെ തുടക്കം

നാളുകൾ മാറിമറയുകുകയും പുതിയ സംവത്സരം പിറക്കുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതത്തിന്റെ നിലകളിലും അറിയാതെ മാറ്റം വരികയാണ്. 'തൈ മാസം പിറന്നാൽ വഴി പിറക്കും.' എന്ന് തമിഴിൽ ചൊല്ലുണ്ട്. തൈ പൊങ്കൽ ആ ആഘോഷമാണ്. മകരസംക്രാന്തി നമ്മുടെ ജീവിതത്തിലും കാർഷിക കലണ്ടറിലും വലിയ മാറ്റം കൊണ്ടുവരുന്നു. വൃശ്ചികക്കുളിരും ക്രിസ്മസിന്റെ ആരവവുമെല്ലാം കഴിഞ്ഞ് മഞ്ഞണിഞ്ഞ ഒരു പുതു വത്സരം കൂടി നമ്മെ തേടിയെത്തുമ്പോൾ നമ്മെ വലച്ച മഹാമാരികളും ദുരന്തങ്ങളും നമുക്ക് പിന്നിലാക്കാനാകുന്നു. പുതിയ നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലേക്ക് കടക്കുന്ന നമുക്ക് മുന്നിൽ ഇനി വലിയ സാധ്യതകളും വെല്ലുവിളികളുമാണുള്ളത്.

ജീവിതം എപ്പോഴും വിജയ പരാജയങ്ങൾ സമ്മാനിക്കും. പക്ഷേ ഓരോ പരാജയത്തിൽ നിന്നും ഉയിർത്തെഴുന്നേൽക്കാനുള്ള ശേഷി മനുഷ്യസഹജമാണ്. ശാരീരികമായും മാനസികമായും അസാധാരണമായ ശേഷിയുള്ളവരാണ് നാം. അറിവും മികവും സഹജവാസനകളും നമ്മുടെ പ്രതിഭയ്ക്ക് തിളക്കം നൽകുന്നു. കരുതലോടെയുള്ള ചെറിയ തുടക്കങ്ങൾ വലിയ സംരംഭങ്ങളായി മാറും.

വർഷാരംഭത്തിലെ ഒരു തുടക്കം ഒരു പതിവ് ചടങ്ങായി മാറരുത്. അത് നിങ്ങളുടെ ശേഷിയും ബുദ്ധിയും പ്രതിഭയും ഉപയോഗിച്ച് നിങ്ങളുടെ ശാരീരികവും മാനസികവുമായ ശക്തികളെ ഒരുമിപ്പിച്ചു നടത്തുന്ന വലിയൊരു സംരംഭമാണ് അതിൽ നിങ്ങൾ നിങ്ങളുടെ സുഹൃത്തുക്കളെയും ബന്ധുക്കളെയും സഹപ്രവർത്തകരെയും ഭാഗഭാക്കാക്കണം.പഴയ വീഴ്ചകൾ കുഴിച്ചു മൂടി പുതിയ ശക്തിയിലേക്ക് നിങ്ങൾ കുതികൊള്ളണം.

ഇരട്ട മുഖമുള്ള ഈ ജനുവരിയിൽ പഴയകാല വീഴ്ചകളിൽ അടി പതറാതെ, യുദ്ധത്തിന്റെയും സംഘർഷങ്ങളുടെയും കറുത്ത മേഘങ്ങളെ വകഞ്ഞു മാറ്റി നിങ്ങളുടെ ദൗർബല്യങ്ങളെ വലിയ ശക്തിയാക്കി മാറ്റി നിങ്ങൾ പരമാവധി ഊർജ്ജത്തോടെ മുന്നോട്ടു കുതിക്കുക. ഈ വർഷം നിങ്ങളുടേതാണ്.

RAMRAJ
mrithu®
TOWELS
Pure Comfort.
Woven from nature's finest, 100% pure cotton and bamboo, Mrithu Towels are crafted for quick absorption, a gentle touch, and effortless elegance
Made for everyday moments that deserve a little more.
STORE LOCATION
Shop Online at
www.ramrajcotton.in
BAMBOO TOWELS
SIGNATURE TOWELS
TERRY TOWELS
STRIPED & CHECKERED TOWELS
SUPER SOFT & SUPER ABSORBENT
Available at Ramraj Showrooms and All Leading Textile Shops

RAMRAJ
CULTURE CLUB®
MATCHING DHOTIS • SHIRTS
CELEBRATE
EVERY
MOMENT IN
COLOURFUL
Tradition.
Available at Ramraj Cotton Showrooms and All Leading Textile Shops
Shop online at www.ramrajcotton.in
SCAN QR CODE
FOR STORE LOCATION

RAMRAJ
SHIRTINGS & SUITINGS
COTTON • LINEN • TRADITIONAL
100% Premium Fabrics
SCAN QR CODE FOR STORE LOCATION
Available at Ramraj Showrooms & All leading Textile Shops | Shop Online at www.ramrajcotton.in

Kokhila®
WOMEN'S INNERWEARS
BY
RAMRAJ®
STORE LOCATION
Shop Online at www.ramrajcotton.in
Available at Ramraj Showrooms and All Leading Textile Shops

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

വെണ്മ

വരിക്കാരാകൂ

'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

വെണ്മ
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.
ഫോൺ:
0421-4304106, 98422 74137

ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:
Venmaii
A/C No: 1809135000000299, Karur Vysya Bank
Tirupur SR Nagar Branch, IFSC Code :KVBL0001809.

വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ **125** മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ **250** മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ **125** മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ **250** മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്
ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും

ഒരു സന്ന്യാസിയുടെ പക്കൽ അദ്ദേഹത്തിന്റെ ഭക്തരിൽ ഒരാൾ എത്തി എപ്പോഴും പരാതിപ്പെട്ടു കൊണ്ടേയിരിക്കും. ഓരോ തവണയും പുതിയ പുതിയ പ്രശ്നങ്ങൾ പറയും. സന്ന്യാസി ക്ഷമയോടെ പരിഹാരം ഉപദേശിച്ച് അയക്കും. അടുത്ത മാസം തന്നെ മറ്റൊരു പ്രശ്നപ്പട്ടികയുമായി ഭക്തൻ എത്തും. 'ഒരു മനുഷ്യന് ഇത്ര കണ്ട് പ്രശ്നങ്ങൾ ജീവിതത്തിൽ ഉണ്ടാക്കാൻ കഴിയുമോ' എന്ന് സന്ന്യാസി അതിശയിക്കും. ഭക്തൻ പ്രശ്നങ്ങൾ വിവരിക്കുമ്പോൾ ദേഷ്യവും തോന്നും.

ഒരു തവണ ഭക്തൻ എത്തിയപ്പോൾ സന്ന്യാസി ശാന്തമായി അദ്ദേഹത്തെ അരികിലേക്ക് വിളിച്ചു. ഒരു ഗ്ലാസ് വെള്ളം എടുക്കാൻ പറഞ്ഞു. അതിൽ ഒരു പിടി ഉപ്പിട്ട്, ആ വെള്ളം കുടിക്കാൻ പറഞ്ഞു. ഒരു കവിൾ കുടിച്ചപ്പോഴേ, 'അയ്യോ, കയ്ക്കുന്നു' എന്ന് മുഖം ചുളിച്ചു ഭക്തൻ. അദ്ദേഹത്തെ അരികിലുണ്ടായിരുന്ന കുളത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി സന്ന്യാസി. കുളത്തിലെ വെള്ളത്തിൽ ഒരുപിടി ഉപ്പിട്ടു. ആ വെള്ളം എടുത്ത് കുടിക്കാൻ പറഞ്ഞു. 'എങ്ങനെയുണ്ട്?' എന്ന് ചോദിച്ചു. 'ഉപ്പ് കയ്ക്കുന്നില്ല' എന്ന് പറഞ്ഞു ഭക്തൻ.

'ജീവിതത്തിൽ പ്രശ്നങ്ങൾ എന്നത് ഈ ഉപ്പുപോലെയാണ്. അത് അധികരിക്കുകയുമില്ല, കുറയുകയുമില്ല. പ്രശ്നങ്ങളെ സമീപിക്കുമ്പോൾ നമ്മുടെ മനസ്സിനെ ഒരു ഗ്ലാസ് പോലെ വച്ചിരുന്നാൽ വേദന അധികരിക്കും. കുളം പോലെ വിശാലമാക്കിയാൽ വേദന കുറയും. ഗ്ലാസ് ആയിരിക്കുന്നത് അവസാനിപ്പിച്ച്, കുളമായി മാറണം.' എന്ന് സന്ന്യാസി പറഞ്ഞതും, കാര്യം മനസ്സിലായി മടങ്ങി ഭക്തൻ. പിന്നീട് പ്രശ്നങ്ങളുമായി എത്തിയതേ ഇല്ല.

പ്രശ്നങ്ങളിൽ മുങ്ങി നിവർന്ന് പുതിയതായി ജീവിതം വീണ്ടും ആരംഭിക്കുമ്പോൾ പലവിധത്തിലുള്ള മാനസിക പ്രശ്നങ്ങൾ ഉണ്ടാകുന്നത് സ്വാഭാവികം.അതെല്ലാംഒതുക്കിവച്ച്ജീവിതത്തിൽ വിജയകരമായി വീണ്ടും എത്താൻ ചില കാര്യങ്ങൾ പ്രധാനമാണ്. അവ:

- 'ഇതാണ് അവസാന അവസരം' എന്ന് പുതിയതായി ഒന്ന് ആരംഭിച്ചാലും, ആത്മവിശ്വാസം കൈവെടിയരുത്. സന്തോഷത്തോടെ അത് ചെയ്യാൻ ആരംഭിക്കണം. സന്തോഷമുള്ള മനുഷ്യർക്ക് എന്തും നേടാൻ കഴിയും.
- ധാരാളം നഷ്ടപ്പെട്ടിരുന്നാലും, ആ ചുറ്റുപാടിലും നിങ്ങളിൽ ശേഷിക്കുന്ന കാര്യങ്ങൾ ഓർത്ത് അഭിമാനിക്കണം. അതിന് ദൈവത്തിന് നന്ദി പറയണം. നിങ്ങൾക്കുള്ള കഴിവുകളെ നിങ്ങൾ തന്നെ അഭിനന്ദിക്കണം.
- എല്ലാ മനുഷ്യരേയും മതിക്കണം. ആരെയും അവരുടെ ചുറ്റുപാടോ പശ്ചാത്തലമോ അറിയാതെ മുറിവേൽപിക്കരുത്.
- ഓരോ മനുഷ്യരിലും എന്തെങ്കിലും ഒരു

കഴിവ് ഉണ്ടായിരിക്കും. നമുക്ക് ആവശ്യമായ സ്ഥലത്ത് അത് കണ്ടറിഞ്ഞ് ഉപയോഗപ്പെടുത്തുന്നതാണ് മികവ്. ഓരോരുത്തരുടെയും ശക്തിയും മനസ്സിലാക്കണം. പക്ഷേ ആരെയും നിങ്ങളുടെ മനസ്സിലുള്ള ത്രാസിൽ തൂക്കി നോക്കി പെരുമാറാൻ ശ്രമിക്കരുത്.

• 100 വയസ്സിൽ പോലും പഠിക്കുന്നവർ ഉണ്ട്. എല്ലാ അതിവേഗം മാറുന്ന ലോകത്ത്, നിങ്ങളുടെ മേഖലയുമായി ബന്ധപ്പെട്ട പുതിയ കാര്യങ്ങൾ പഠിക്കണം.

• മറ്റുള്ളവർ സംസാരിക്കുന്നത് ശ്രദ്ധിച്ച് കേൾക്കണം. നിങ്ങൾ ചെയ്യുന്ന പ്രവർത്തിക്ക് അത് ഏതെങ്കിലും ഒരു വകയിൽ സഹായകമാകാം.

• നിങ്ങൾ ഏത് പ്രവൃത്തി ചെയ്താലും അതിന് ന്യായമായ കാരണം ഉണ്ടായിരിക്കണം. അതുപോലെ 'ഇത് ചെയ്താൽ ഈ അനന്തരഫലം ഉണ്ടാകും' എന്ന ബോധ്യമുണ്ടായിരിക്കണം.

• മറ്റുള്ളവർ പറയുന്ന ഉത്സാഹ വാക്കുകൾ നിങ്ങളെ പ്രചോദിതരാക്കും. അത്തരക്കാരായിരിക്കട്ടെ നിങ്ങൾക്കു ചുറ്റും. അതുപോലെ മറ്റുള്ളവരുടെ നേട്ടങ്ങൾ അഭിനന്ദിച്ച് പ്രചോദിപ്പിക്കണം.

• എത്ര നിർണായകമായ ജോലിക്കിടയിലും പ്രതികൂലമായ ചുറ്റുപാടിലും പുഞ്ചിരിക്കാൻ മറക്കരുത്. പ്രതിസന്ധികൾ പുഞ്ചിരിയോടെ മറികടക്കാൻ അറിയാവുന്ന മനുഷ്യർക്ക് ഏത് ചുറ്റുപാടിലും നേട്ടം ഉണ്ടാക്കാൻ കഴിയും.

• മനുഷ്യത്വം, ധൈര്യം, സത്യസന്ധത - ഇത് മൂന്നുമാണ് ഒരാളെ ഉയർത്തുന്ന ഏണികൾ. ഏത് ചുറ്റുപാടിലും ഈ ഗുണങ്ങൾ കൈവിടരുത്.

• ഭൂരിഭാഗം മനുഷ്യരെപ്പോലെ അല്ലാതെ വ്യത്യസ്തമായ പ്രവർത്തികൾ ചെയ്യുന്നവരാണ് ജയിക്കുന്നവർ. മറ്റുള്ളവർ ചെയ്യുന്നവ പോലും വ്യത്യസ്തമായി ചെയ്യുന്നവരും വിജയം കാണും.

• 'ഇത് നടക്കാതിരിക്കുമോ', 'ചോദിച്ച പണം കിട്ടില്ലേ' എന്നൊക്കെ നെഗറ്റീവായി ഒരിക്കലും ചിന്തിക്കരുത്. നിങ്ങൾ ആദ്യം വിശ്വസിച്ചാലേ എല്ലാം നന്നായി നടക്കൂ.

• മറ്റുള്ളവർ തെറ്റിദ്ധരിക്കുമോ എന്നു കരുതി ഒന്നും ചെയ്യാതിരിക്കരുത്. മറ്റുള്ളവർ അഭിനന്ദിക്കാൻ വേണ്ടിയും ഒന്നും ചെയ്യരുത്. ഏതാണോ ശരി അത് സമർത്ഥമായി ചെയ്യണം.

• മറ്റുള്ളവർ വിശ്വസിക്കാതെ പോയാലും നിങ്ങൾ നിങ്ങളെ വിശ്വസിക്കണം. നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്ന പ്രവർത്തികൾക്ക് തടസ്സമായി നിൽക്കുന്നത് നിങ്ങളുടെ സംശയം മാത്രമാണ്. അത് തുടച്ചു നീക്കണം.

• നിങ്ങളുടെ ജീവിതം മാറ്റുന്ന മുഴുവൻ ഉത്തരവാദിത്തവും നിങ്ങൾക്കുള്ളതാണ്. നിങ്ങൾ മാറിയാലേ അത് മാറൂ. ഒരു തെറ്റിനും മറ്റുള്ളവരുടെ മേൽ പഴി ചാരരുത്.

•പുതിയതായിഒരുകാര്യംആരംഭിച്ച്ചെയ്യുന്നത് മലകയറ്റം പോലെയാണ്. പാത കഠിനമായിരിക്കും. ചിലയിടങ്ങളിൽ കുത്തനെയുള്ള കയറ്റം, ചില ഇടങ്ങളിൽ ഇറക്കം. പക്ഷേ എത്തിപ്പിടിക്കേണ്ട കൊടുമുടി കണ്ണിൽ നിന്ന് മാറയരുത്. ജയിക്കണം എന്ന് ദാഹം എപ്പോഴും ഉണ്ടായിരിക്കണം.

• പുതിയതായി ആരംഭിച്ച പ്രവർത്തിയിൽ നിങ്ങൾ കൈവരിക്കാൻ പോകുന്ന വിജയം സങ്കൽപിച്ചു നോക്കണം. സങ്കൽപത്തിലുള്ള രംഗങ്ങൾ വൈകാതെ യാഥാർത്ഥ്യമാകും. •

മറുജന്മം എടുക്കണം

തന്റെ ചാരത്തിൽ നിന്ന് വീണ്ടും ഉയിർത്തെഴുന്നേൽക്കും എന്ന് ഫീനിക്സ് പക്ഷിയെ വർണിക്കാറുണ്ട്. സാങ്കൽപിക പക്ഷിയാണെങ്കിലും, നഷ്ടപ്പെടലുകളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുന്ന എല്ലാവർക്കും ആത്മവിശ്വാസം നൽകുന്ന റോൾ മോഡലാണ് ഫീനിക്സ് പക്ഷി. വിസിൽ മുഴക്കിയതും ചീറിപ്പായുന്ന ഓട്ടപ്പന്തയ താരങ്ങളെപ്പോലെ, പുതിയ ആരംഭത്തിൽ മുന്നേറിപ്പോകാൻ ചില മാർഗങ്ങൾ:

● മറ്റുള്ളവരേക്കാൾ ഉയർന്ന ജീവിതം ജീവിക്കണം എന്ന് ചിന്തിക്കരുത്. മുമ്പത്തേതിനേക്കാൾ മികച്ച അവസ്ഥയിൽ എത്തണം എന്ന് ചിന്തിക്കണം. ജീവിതം മികവുറ്റതാകും.

● ദേഷ്യത്തിലോ നിരാശയിലോ തീരുമാനങ്ങൾ എടുക്കരുത്. നന്നായി ആലോചിച്ച് ഒരു തീരുമാനത്തിൽ എത്തണം. അതിൽ ഉറച്ചു നിൽക്കണം.

● നിങ്ങൾ ചെയ്ത കാര്യങ്ങളേക്കാൾ, ചെയ്യാതിരുന്ന കാര്യങ്ങൾ ചിന്തിച്ച് പിൽക്കാലത്ത് വിഷമിക്കരുത്. അതിനാൽ നല്ല അവസരങ്ങൾ ഒരിക്കലും കൈവിട്ടു കളയരുത്.

● 'ഇതാണ് എന്റെ ജീവിതം' എന്ന് തീരുമാനിച്ചു കഴിഞ്ഞ ഒന്നിൽ നിന്ന് പിൻവാങ്ങരുത്. നിങ്ങളുടെ മേഖല എന്തു തന്നെ ആയിരുന്നാലും അത് നിങ്ങളുടെ വികാരത്തിൽ കലർന്നിരിക്കണം.

● തെറ്റുകളിൽ നിന്ന് 'ഏത് ശരിയായി ചെയ്യണം' എന്ന പാഠം പഠിക്കണം. അല്ലാതെ അതോർത്ത് ദുഃഖിക്കരുത്. ഭാവിക്ക് മികവുറ്റത് മാത്രമായിരിക്കണം ലക്ഷ്യമായിരിക്കേണ്ടത്.

●മറ്റുള്ളവർഎന്ത്പറയുന്നുവെന്ന്ശ്രദ്ധിക്കരുത്. നിങ്ങളുടെ ശരിതെറ്റുകൾ വിശകലനം ചെയ്യേണ്ട മികച്ച ന്യായാധിപർ നിങ്ങൾ തന്നെയാണ്. എന്ത് ചെയ്തു, എന്ത് ചെയ്തിട്ടുണ്ടായിരിക്കാം എന്ന് സത്യസന്ധമായി വിശകലനം ചെയ്ത് നോക്കണം.

● എല്ലാവരോടും കരുതൽ കാണിക്കുമ്പോഴും നിങ്ങളുടെ നന്മയും ശ്രദ്ധിക്കണം. പുതിയ തുടക്കം മികവുറ്റതാകാൻ നിങ്ങളുടെ ശാരീരിക-മാനസികാരോഗ്യം മികച്ചതായിരിക്കണം.

● 'ഞാൻ പരാജയമായതിനാലാണ് എന്നെ ആർക്കും ഇഷ്ടമല്ലാത്തത്' എന്നതു പോലെ സ്വയം താഴ്ത്തിക്കെട്ടരുത്. നിങ്ങളെ നിങ്ങൾ സ്നേഹിച്ചാൽ,മറ്റുള്ളവരുംനിങ്ങളെസ്നേഹിക്കും.

● നിങ്ങളിൽ നിന്ന് ആദായം നേടാൻ ആഗ്രഹിക്കുന്നവർ സത്യസന്ധമല്ലാത്ത ചില പുകഴ്ത്തലുകൾ നടത്തിയേക്കാം. സത്യസന്ധമായി വിമർശിക്കുന്നവരുടെ അഭിപ്രായം കേൾക്കണം.

● ചെയ്യുന്ന കാര്യത്തിൽ നമുക്ക് മികവ് ഇല്ലെന്ന് ബോധ്യപ്പെട്ടാലും അത് തുടർന്നും ചെയ്യണം. കഴിവുറ്റവരെപ്പോലെ കാര്യങ്ങൾ തുടർച്ചയായി ചെയ്യുന്നവർക്കും ജയിക്കാൻ കഴിയും.

● പ്രശ്നങ്ങളും തിരിച്ചടികളും ഉണ്ടായാലും ദുഃഖത്തിൽ ആണ്ടുപോകരുത്. അതിൽ നിന്ന് പുറത്തു കടക്കാനുള്ള വഴി തേടണം. അതാണ് നിങ്ങളെ അഭിമാനിതരാക്കി മാറ്റുന്നത്.

● ഏത് ചുറ്റുപാടിലും മറ്റുള്ളവർക്ക് സഹായം ചെയ്യാനുള്ള അവസരം കൈവിട്ടുകളയരുത്. നിങ്ങളെയും ഇതേ പോലെ പരോക്ഷമായ സഹായങ്ങൾ കൈപിടിച്ച് ഉയർത്തും. ●

പലരും തങ്ങളുടെ ജീവിതകാലം മുഴുവനും കരുതലോടെ ചെലവു ചെയ്യും. ചെലവഴിക്കാൻ പണം ഇല്ലാതെ പലപ്പോഴും ബുദ്ധിമുട്ടും. പക്ഷേ അവർ ഇങ്ങനെ ചേർത്തു വയ്ക്കുന്ന പണം, മറ്റാർക്കോ ആണ് സഹായകമാകുന്നത്. സൗകര്യങ്ങളോടെ ജീവിക്കണം എന്നതു പോലെ തന്നെ ദീർഘായുസ്സോടെ ജീവിക്കുന്നതും ആരോഗ്യകരമായി ജീവിക്കുന്നതും പ്രധാനം. അതിന് ജീവിതം നിറവോടെയും പൂർണതയോടെയും ജീവിക്കാൻ ആരംഭിക്കണം.

നിറവോടെ ആരംഭിക്കണം

ഒരു സ്മാർട്ട്ഫോൺ വാങ്ങിയാൽ, അതിലുള്ള നവീനമായ സൗകര്യങ്ങളിൽ മുക്കാലും പലരും ഉപയോഗപ്പെടുത്താറേ ഇല്ല. സംസാരിക്കാനും മെസേജ് അയക്കാനും മാത്രമാണ് ഭൂരിഭാഗവും ഉപയോഗപ്പെടുത്തുന്നത്. ഒരു കാർ വാങ്ങിയാൽ, അതിലുള്ള മുക്കാൽ സൗകര്യങ്ങളും പലരും ഉപയോഗിക്കാറില്ല. ഒരു പടുകൂറ്റൻ ബംഗ്ലാവ് വാങ്ങിയാൽ, അതിൽ ഭൂരിഭാഗം ഇടവും നാം ഉപയോഗിക്കാറില്ല. ഒരു ടിവിയിൽ നൂറു കണക്കിന് ചാനലുകൾ ഉണ്ട്. പലതും നമ്മൾ കാണാറേ ഇല്ല. പക്ഷേ ജീവിതം ഇങ്ങനെ ചോയ്സിൽ വിട്ടുകളയാൻ കഴിയില്ല.

നിങ്ങളുടെ ജീവിതത്തിലെ വിഭവങ്ങൾ നൂറു ശതമാനവും നിങ്ങൾ ഉപയോഗപ്പെടുത്തണം. അതിന് ആരോഗ്യകരമായി ജീവിക്കേണ്ടത് അവശ്യം. സമീകൃത പോഷകാഹാരം കഴിക്കണം. ദിവസവും ഏഴു മണിക്കൂറിൽ കുറയാതെ ഉറങ്ങണം. എത്ര തിരക്കുണ്ടെങ്കിലും വ്യായാമത്തിന് സമയം മാറ്റിവയ്ക്കണം. മാനസികാരോഗ്യത്തിനും പരിശീലനം നേടണം. ആരോഗ്യമുണ്ടെന്ന് ബോധ്യപ്പെട്ടാലും ആവശ്യമായ മെഡിക്കൽ പരിശോധനകൾ മുടങ്ങാതെ ചെയ്യണം.

എത്ര പ്രതികൂലമായ പ്രശ്നങ്ങൾ നേരിട്ടാലും അവ മറികടക്കാൻ പഠിക്കണം. നിങ്ങൾ കരുത്തിലും അധികാരത്തിലും അന്തസ്സിലും ഉയർന്നിരുന്നാലും സൗമ്യതയോടെ പെരുമാറണം. നിങ്ങളോട് കരുതൽ കാണിക്കുന്നവർക്കു വേണ്ടി സമയം മാറ്റിവയ്ക്കണം.

നിങ്ങളുടെ കഴിവിനും അപ്പുറമുള്ള കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കരുത്. നിങ്ങളുടെ സമയവും കരുത്തും അനാവശ്യ കാര്യങ്ങൾക്കായി ചെലവഴിക്കരുത്. ഉണർന്നിരിക്കുമ്പോഴേ നിങ്ങളുടെ ഭാവിയെക്കുറിച്ച് സ്വപ്നം കാണണം.

ഓരോ ദിവസവും മറ്റുള്ളവർക്ക് എന്തെങ്കിലും മികവുറ്റ കാര്യങ്ങൾ നൽകണം. എല്ലാ വാഗ്വാദങ്ങളിലും ജയിക്കണമെന്ന് വാശിപിടിക്കരുത്. ചില കാര്യങ്ങളിൽ വിയോജിപ്പുണ്ടെങ്കിലും അവ ഉൾക്കൊള്ളാൻ ശീലിക്കണം.

ഇപ്പോൾ നിങ്ങൾ ജീവിക്കുന്ന ചുറ്റുപാട് മികവുറ്റതോ അല്ലാത്തതോ ആയിരുന്നാലും ഈ അവസ്ഥയും മാറും എന്ന് മനസ്സിലാക്കണം. ഒരു ദിവസം രാവിലെ ക്ഷീണമോ ആശങ്കയോ തോന്നിയാലും പെട്ടെന്ന് തയാറായി പ്രവർത്തിക്കാൻ തുടങ്ങണം. നിങ്ങളുടെ ജീവിതത്തിൽ മികവുറ്റ ഫലങ്ങൾ ഇത് ഉണ്ടാക്കും. •

ലക്ഷ്മണരേഖ കടക്കണം

തന്റെ കണ്ടുപിടുത്തങ്ങളിലൂടെ ലോക പ്രശസ്തി നേടിയ ശാസ്ത്രജ്ഞനാണ് ന്യൂട്ടൻ. അദ്ദേഹത്തിന്റെ മൂന്ന് ചലന നിയമങ്ങളും ഇപ്പോഴും സ്കൂൾ പാഠങ്ങളും പല ശാസ്ത്ര പരീക്ഷണങ്ങൾക്കും അടിസ്ഥാനവുമാണ്. 'ലോകം താങ്കളുടെ അറിവ് കണ്ട് അത്ഭുതപ്പെടുന്നു. താങ്കളെ അത്ഭുതപ്പെടുത്തിയ മനുഷ്യർ ആരെങ്കിലും ഉണ്ടോ?' എന്ന് ഒരിക്കൽ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം മറ്റേതെങ്കിലും പ്രശസ്തരായ മനുഷ്യരുടെ പേര് പറയും എന്ന് പ്രതീക്ഷിച്ചു. പക്ഷേ, 'എന്റെ പ്രായമേറിയ ജോലിക്കാരനാണ് എന്നെ അത്ഭുതപ്പെടുത്തിയ അറിവുള്ള മനുഷ്യൻ' എന്ന് പറഞ്ഞു ന്യൂട്ടൻ. കേട്ടവർ ആശ്ചര്യപ്പെട്ടപ്പോൾ, ന്യൂട്ടൻ വിശദീകരിച്ചു.

'ഒരു തണുപ്പുള്ള ദിവസം തീക്കരികിൽ ഇരുന്ന് കുളിര്കായുകയായിരുന്നു ഞാൻ. അപ്പോൾ പെട്ടെന്ന് വിയർക്കുന്നതു പോലെ തോന്നി. ഉടനേ ആ ജോലിക്കാരനെ വിളിച്ച് 'തീ അൽപം കുറയ്ക്കാൻ' പറഞ്ഞു. അദ്ദേഹം ചിരിച്ചു. 'വിയർക്കുമ്പോൾ തീ കുറയ്ക്കുന്നതും കുളിരുമ്പോൾ തീ കൂട്ടുന്നതും ഇതിന് ശരിയായ പരിഹാരമല്ല. വിയർക്കുന്നുണ്ടോ? ഉടനേ തീയുടെ അടുത്ത് നിന്ന് മാറിയിരിക്കണം. പ്രശ്നം പരിഹൃതമാകും. ആരുടെ സഹായവും താങ്കൾക്ക് വേണ്ടി വരില്ല' എന്ന് പറഞ്ഞു.

ഞാൻ കണ്ടുപിടിച്ച ചലന നിയമങ്ങളേക്കാൾ ജീവിതത്തിന് അത്യന്താപേക്ഷിതമായ നിയമമാണ് ഇതെന്ന് ഞാൻ പറയും. ജീവിതത്തിൽ ഒരു പ്രതിസന്ധി ഉണ്ടാകുന്നുണ്ടോ? അതിന് ആരാണ് കാരണം എന്ന് മനസ്സിലാക്കി പ്രവർത്തിച്ചാൽ പ്രശ്നം പരിഹൃതമാകും. നമുക്ക് ആരുടെ സഹായവും വേണ്ടി വരില്ല' എന്ന് പറഞ്ഞു ന്യൂട്ടൻ.

പ്രതിസന്ധിയിൽ നിന്ന് വഴിമാറി പുതിയതായി ആരംഭിക്കേണ്ട ഘട്ടം ജീവിതത്തിൽ പലർക്കും ഉണ്ടാകാം. ഒരു ജോലിക്ക് തുടക്കമിട്ട് മറ്റൊരു ജോലിക്ക് പോകേണ്ടി വരുന്നത്, നഷ്ടം നൽകിയ ബിസിനസ് അവസാനിപ്പിച്ച് മറ്റൊരു

തൊഴിൽ പുതുതായി ആരംഭിക്കേണ്ടി വരുന്നത്, ജീവിതത്തിൽ കയ്പ് സമ്മാനിച്ച ബന്ധത്തിൽ നിന്ന് പുറത്തു കടന്ന് പുതിയ ജീവിതം തുടങ്ങേണ്ടി വരുന്നത് എന്നിങ്ങനെ ഏത് തരത്തിലുള്ള സന്ദർഭത്തിലും ഒരു പുതിയ മനുഷ്യനായി എങ്ങനെ പ്രവർത്തിക്കാം?

• പുതിയതായി ഒരു കാര്യം ആരംഭിക്കുന്നത് എപ്പോഴും കഠിനമായിരിക്കും. ആരംഭത്തിൽ പ്രതിസന്ധികൾ നേരിടേണ്ടി വരും. ആ മാറ്റം ഉൾക്കൊള്ളണം. 'എങ്ങനെ ആയിരുന്ന ഞാൻ ഇങ്ങനെ ആയല്ലോ' എന്ന് നിങ്ങൾ നിങ്ങളെക്കുറിച്ച് പരിതപിക്കരുത്. 'ഞാൻ തെറ്റ് ആണോ ചെയ്തത്' എന്ന് ആശങ്കപ്പെടുകയും അരുത്.

• ഇതു വരെ ചെയ്ത ഏതോ ഒന്നിൽ നിന്ന് പൂർണമായും പുറത്തു കടന്നേ, പുതിയതായി മറ്റൊന്ന് ചെയ്യാൻ കഴിയൂ. 'ശീലമേഇല്ലാത്ത എന്തോ ഒന്ന് ചെയ്യുന്നു' എന്ന് മടിച്ച് നിൽക്കരുത്. പഴയ കാര്യങ്ങൾ ചിന്തിച്ച് ആശയക്കുഴപ്പത്തിലാകരുത്. ശരിയോ തെറ്റോ എല്ലാം മായ്ച്ചു കളഞ്ഞ ബ്ലാക്ക് ബോർഡ് പോലെ മനസ്സ് വൃത്തിയാക്കി പുതിയ ദിശയിൽ കാലെടുത്തു വയ്ക്കണം.

• പുതിയതായി തുടങ്ങുമ്പോൾ നിങ്ങൾ തുടർന്നങ്ങോട്ട് പഴയ മനുഷ്യൻ അല്ലെന്ന് അംഗീകരിക്കണം. അപ്പോൾ ഉണ്ടായിരുന്ന ലക്ഷ്യങ്ങൾ ഇപ്പോൾ ഇല്ല. അപ്പോൾ നിങ്ങൾക്ക് പ്രിയപ്പെട്ടവ ആയിരുന്ന കാര്യങ്ങൾ ഇപ്പോൾ നിങ്ങളെ ആകർഷിക്കുന്നില്ല.

• പുതിയ ഇടം, പുതിയ മനുഷ്യർ, പുതിയ പ്രവർത്തികൾ എന്നിങ്ങനെയുള്ള പുതിയ ആരംഭം ആരെയും എപ്പോഴും ആശങ്കയിലാഴ്ത്തും. പഴയ സുഖങ്ങൾക്കു വേണ്ടി മനസ്സ് ദാഹിക്കും. നഷ്ടപ്പെട്ടതെല്ലാം സൗഭാഗ്യം എന്ന് മനസ്സിൽ തോന്നും. പക്ഷേ, പഴയ പോർക്കളത്തിൽ നിന്ന് യുദ്ധം ചെയ്ത് പുതിയ വിജയങ്ങൾ നേടാൻ കഴിയില്ല. യുദ്ധത്തിൽ നഷ്ടങ്ങൾ സ്വാഭാവികം.

• പുതിയ ആരംഭം എന്നത് പുതിയ ഉത്തരവാദിത്തങ്ങൾക്ക് അനുസരിച്ചുള്ളവയാണ്. പുതിയ കാര്യങ്ങൾ ചെയ്യാൻ ആരംഭിക്കുമ്പോൾ, അവ കൃത്യമായി ചെയ്യാനുള്ള ക്ഷമയും കൈവരിക്കണം. അത് നിങ്ങളുടെ അടയാളമായി മാറണം.

• പുതിയ പ്രവർത്തിയിൽ നിങ്ങൾക്ക് ലഭിക്കുന്ന അനുഭവങ്ങളും നിങ്ങൾ നേരിട്ട പ്രതിസന്ധികളും

സുഹൃത്തുക്കളുമായി പങ്കുവയ്ക്കണം. മനസ്സിന്റെ ഭാരം കുറയും. അവരുടെ ഉപദേശങ്ങളും മാർഗനിർദ്ദേശങ്ങളും പുതിയ പരിഹാരങ്ങൾ നൽകും.

• പഴയ ജോലിയിൽ, പഴയ തൊഴിലിൽ, പഴയ ജീവിതത്തിൽ ഉയർച്ച ലഭിക്കാതെ പോയതിന് നിങ്ങളുടെ ചില ശീലങ്ങളും കാരണമായിരുന്നിരിക്കാം. അവ മാറ്റാനുള്ള അവസരമാണ് ഇത്. പുതിയ പ്രവർത്തികൾക്ക് അനുയോജ്യമായ രീതിയിൽ നിങ്ങളുടെ ശീലങ്ങൾ മാറ്റണം.

• നാം മുന്നിട്ടറങ്ങി പ്രവർത്തിക്കുന്നത് ഒരു രീതി, ഏതോ ഒന്ന് നടന്ന ശേഷം അതിന്റെ ഫലങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നത് രണ്ടാമത്തെ രീതി. ഈ രണ്ടാമത്തെ രീതിയിലൂടെ പ്രവർത്തിച്ചാൽ നമുക്ക് പുതിയതായി ഒന്നും ആരംഭിക്കാൻ കഴിയില്ല. എല്ലാ പ്രതിസന്ധികളും കടന്ന് എന്തെങ്കിലും ഒന്ന് പുതിയതായി ചെയ്യണം.

• നാം ഏതിലാണോ മുഴുകിയിരിക്കുന്നത് അത് നമ്മുടെ മനസ്സിനെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കും. പ്രശ്നങ്ങൾ മറന്ന് വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. എല്ലാ പ്രതിസന്ധികളും പരിഹരിക്കാനുള്ള മാർഗങ്ങൾ തെളിയാൻ തുടങ്ങും.

• നിങ്ങൾ ചിന്തിക്കുന്നതിന്റെ പ്രതിഫലനമായിരിക്കും നിങ്ങളുടെ പ്രവർത്തികളും. 'എനിക്ക് കഴിയുമോ?' എന്ന സംശയം നിങ്ങളുടെ മനസ്സിൽ ഉയരരുത്. 'ഞാൻ ചെയ്ത് പൂർത്തിയാക്കും' എന്ന് പറഞ്ഞു കൊണ്ടേ എന്തും ആരംഭിച്ചാൽ, പുതിയ യാത്രയിൽ വിജയം പിന്നാലെ പാഞ്ഞെത്തും. •

ഐൻസ്റ്റീന് ശാസ്ത്രത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ കുട്ടിയായിരിക്കുമ്പോഴേ ഉണ്ടായിരുന്നു. ലിയനാർഡോ ഡാവിഞ്ചി കുട്ടിയായിരിക്കുമ്പോൾ തനിക്കുള്ളിലെ സങ്കൽപങ്ങൾ അത്ഭുതകരമായ പെയിന്റിംഗുകളായി കോറിയിട്ടു. അവ പിൽക്കാലത്ത് പല ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾക്കും കാരണമായിട്ടുമുണ്ട്. മൊസാർട്ടിനുള്ളിലെ സംഗീത പ്രതിഭയും ചെറിയ വയസ്സിലേ വെളിപ്പെട്ടിരുന്നു. വിവിധ തരത്തിലുള്ള അക്ഷരക്കൂട്ടുകൾ കുട്ടിയായിരിക്കുമ്പോഴേ സൃഷ്ടിച്ചിരുന്നു സ്റ്റീവ് ജോബ്സ്. ഇന്ന് കമ്പ്യൂട്ടറിൽ ലോകം ഉപയോഗപ്പെടുത്തുന്ന പല അക്ഷരങ്ങളും ആ സങ്കൽപത്തിൽ വിടർന്നവയാണ്.

ഇത്തരത്തിൽ ധാരാളം ഉദാഹരണങ്ങൾ പറയാം. തങ്ങൾക്ക് ഏതിൽ താൽപര്യവും കഴിവും ഉണ്ടെന്നും ഏത് മേഖലയിൽ തങ്ങളുടെ ജീവിതം ആരംഭിക്കണമെന്നും പലരും കുട്ടിയായിരിക്കുമ്പോഴേ കണ്ടെത്തും. വളർന്നു കഴിയുമ്പോൾ അത് മനസ്സിലാക്കുന്ന ചിലരും തങ്ങളുടെ കുട്ടിത്തം മാറാത്ത മനസ്സിലൂടെ അത് കണ്ടറിയും.

നിങ്ങൾക്ക് ഉള്ളിലുള്ള കുട്ടിത്തത്തെ പിന്തുടർന്നാൽ, നിങ്ങൾക്കായി കാത്തിരിക്കുന്ന ജീവിത നിധി സ്വന്തമാക്കാം. അത് കുട്ടിയുടെ മനസ്സോടെ ചെയ്യണം. കുട്ടികൾ ചെയ്യുന്ന പല കാര്യങ്ങളും മുതിർന്നവർക്ക് ചെയ്യാൻ കഴിയില്ല. കുട്ടികൾ ഒരു ദിവസം ഏകദേശം 300 തവണ ചിരിക്കാറുണ്ട് എന്ന് ശാസ്ത്രം പറയുന്നു. മുതിർന്നവർ 30 തവണ ചിരിച്ചാലേ വലിയ കാര്യം. കാരണം കുടുംബ ഉത്തരവാദിത്തങ്ങളും ജോലി ഉത്തരവാദിത്തങ്ങളും നൽകുന്ന മാനസിക സമ്മർദ്ദം. ദുഃഖം, ഭയം, ദേഷ്യം, ടെൻഷൻ എന്നിങ്ങനെ വികാരങ്ങൾ ഉണ്ടാക്കുന്ന മാനസിക സമ്മർദ്ദം കാരണം അവർക്ക് വ്യത്യസ്തമായി ചിന്തിക്കാൻ കഴിയില്ല.

പക്ഷേ, വളർന്നവരിൽ ചില നല്ല കാര്യങ്ങളും ഉണ്ട്. കുട്ടിയായിരിക്കുമ്പോൾ ഇല്ലാത്ത അനുഭവവും അറിവും ചിന്തയും ഇപ്പോൾ

കുട്ടികളെപ്പോലെ ആരംഭിക്കാം

ഉണ്ടായിരിക്കും. ഒരു കാര്യം ചെയ്യുന്നതിലുള്ള തെറ്റും ശരിയും വിശകലനം ചെയ്യാൻ കഴിയും. കുട്ടിയുടെ താൽപര്യവും വളർന്നവരുടെ അനുഭവപരിജ്ഞാനവും കൊണ്ട് ഒരു കാര്യം ആരംഭിച്ചാൽ അതിൽ ജയിക്കാൻ എളുപ്പമാണ്. അതിന് ചില മാർഗങ്ങൾ:

● ചോദ്യങ്ങൾ ചോദിക്കണം. കുട്ടികൾ താൽപര്യത്തോടെ ചോദിക്കും, മുതിർന്നവർ ചോദിക്കാറില്ല. 'കൊച്ചിയിൽ ജനിച്ചു, തിരുവനന്തപുരത്ത് വന്നിട്ട് 15 വർഷമായി' എന്ന് ഒരാൾ പറഞ്ഞാൽ, 'അതെയോ?' എന്ന് ചോദിച്ച് അവസാനിപ്പിക്കും മുതിർന്നവർ. കുട്ടികളാകട്ടെ, 'എന്തിനാ തിരുവനന്തപുരത്ത് വന്നത്?' എന്ന് ചോദിച്ചു തുടങ്ങും. കുട്ടികളുടെ പഠനത്തിനും ഭാവനയ്ക്കും ചോദ്യങ്ങളാണ് അടിസ്ഥാനം. 'ഒരു ദ്വീപിൽ ഉള്ള ജീവജാലങ്ങളെപ്പോലെ മറ്റൊരു ദ്വീപിൽ എന്തു കൊണ്ട് ഇല്ല' എന്ന ചോദ്യമാണ് ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തിന്റെ ആധാരം. 'റേഡിയം എന്തു കൊണ്ട് തിളങ്ങുന്നു' എന്ന് ചോദ്യത്തിൽ നിന്നാണ് മേരി ക്യൂറി റേഡിയേഷൻ കണ്ടെത്തിയത്. ചോദ്യങ്ങളാണ് വഴികൾ തുറക്കുന്നതും അവസരങ്ങൾ സൃഷ്ടിക്കുന്നതും.

● താൽപര്യം ഒരിക്കലും നഷ്ടപ്പെടുത്തരുത്. പട്ടം പറക്കാൻ വിട്ട് അതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച ബെഞ്ചമിൻ ഫ്രാങ്ക്ളിൻ, അതിലൂടെയാണ് അന്തരീക്ഷത്തിലെ വൈദ്യുതി കണ്ടെത്തിയത്. ഉയരത്തിൽ നിന്ന് താഴേക്കിട്ട ഒരു ലോഹ ഗോളവും ഒരു പക്ഷിത്തൂവലും എത്ര സമയത്തിന്റെ ഇടവേളയിൽ ഭൂമിയിൽ പതിക്കുന്നു എന്ന് ആവേശത്തോടെ നിരീക്ഷിച്ച ഗലീലിയോ ഗുരുത്വാകർഷണം മനസ്സിലാക്കി. താൽപര്യമാണ് എപ്പോഴും പുതിയ മാർഗങ്ങളിൽ അവസരങ്ങൾ കൊണ്ടെത്തിക്കുന്നത്.

● ഏത് ചുറ്റുപാടിലും സ്വപ്നവും ആത്മ വിശ്വാസവും കൈവെടിയരുത്. 'ഇതെല്ലാം സാധ്യമാണോ' എന്ന ചെറിയ സംശയം പോലും നിങ്ങളുടെആത്മവിശ്വാസംകുറയ്ക്കും.വൈദ്യുതി, റേഡിയോ, എക്സ്-റേ മെഷീൻ, റെയിൽ എഞ്ചിൻ എന്നിങ്ങനെ അതുവരെ ലോകത്തിൽ ഇല്ലാത്ത യന്ത്രങ്ങൾ ആദ്യമായി കണ്ടുപിടിച്ചവർ, 'ഇതെല്ലാം സാധ്യമാണോ' എന്ന് ചിന്തിച്ചിരുന്നെങ്കിൽ, ഒന്നും യാഥാർത്ഥ്യമാകില്ലായിരുന്നു. തങ്ങളുടെ സ്വപ്നങ്ങളിൽ അവർ വിശ്വസിച്ചു. നിങ്ങളുടെ സ്വപ്നത്തിലും നിങ്ങൾ വിശ്വസിക്കണം.

● വൈമനസ്യം കാണിക്കരുത്. ഒരു കുട്ടിക്ക് പേപ്പറും കളർ പെൻസിലും നൽകി ചിത്രം വരയ്ക്കാൻ പറഞ്ഞാൽ, ആവേശത്തോടെ വരയ്ക്കാൻ തുടങ്ങും. തനിക്ക് ചിത്രം വരയ്ക്കാൻ കഴിയുമോ, അതിൽ പരിശീലനം ലഭിച്ചിട്ടുണ്ടോ വരയ്ക്കുന്നത് നന്നായിരിക്കുമോ, ആരെങ്കിലും കളിയാക്കുമോ എന്നൊന്നും കുട്ടി ചിന്തിക്കാറില്ല. പക്ഷേ മുതിർന്നവർക്ക് ധാരാളം സംശയങ്ങൾ ഉണ്ട്. തനിക്ക് നന്നായി അറിയാവുന്ന ഒരു ജോലി പോലും അർധ മനസ്സോടെ ചെയ്യും. അതാണ് വിജയത്തിന് തടസ്സമായി നിൽക്കുന്നതും.

● എല്ലാത്തിലും പ്രതീക്ഷ വയ്ക്കരുത്. കുട്ടികൾ കളിക്കുമ്പോഴോ എന്തെങ്കിലും ചെയ്യുമ്പോഴോ ഇതു കൊണ്ട് എനിക്ക് എന്ത് നേട്ടം എന്ന് ചിന്തിക്കാറില്ല. ചില ചുറ്റുപാടുകളിൽ മുതിർന്നവരും അത്തരത്തിൽ ആയിരിക്കണം. കുടുംബത്തിനോടൊപ്പമോ കുട്ടികളോടൊപ്പമോ കളിക്കാം. സാമൂഹിക സേവനം നടത്താം. പതിവ് ജോലികൾക്കും അപ്പുറം ഇത്തരത്തിൽ ചെയ്യുമ്പോൾ മനസ്സിന് ഉത്സാഹം ലഭിക്കും. പുതിയ ആശയങ്ങൾ ഉണ്ടാകും.

● നല്ല സുഹൃത്തുക്കളെ നേടുന്നത് പ്രധാനം. സമാന ചിന്താഗതിക്കാരായ സുഹൃത്തുക്കളോടൊപ്പം ചേരുമ്പോൾ, അവരുടെ സഹായത്തോടെ നമ്മുടെ പ്രവർത്തികൾ മികവുറ്റതായി മാറും. രണ്ട്, മൂന്ന് സുഹൃത്തുക്കൾ ചേർന്ന് ആരംഭിച്ചതാണ് ഇൻഫോസിസ്, ആപ്പിൾ, ടിറ്റർ എന്നിങ്ങനെയുള്ള വൻകിട സ്ഥാപനങ്ങൾ. നല്ല സുഹൃത്തുക്കൾ നിങ്ങൾക്കും അവർക്കും ചേർന്ന് പാതകൾ സൃഷ്ടിക്കും.

● സാമൂഹിക ബന്ധം പ്രധാനം. കുട്ടികൾ എവിടെ പോയാലും മറ്റു കുട്ടികളോടൊപ്പം പെട്ടെന്ന് സൗഹൃദം സ്ഥാപിക്കും. അതേ പോലെ എല്ലാവരോടും അടുത്ത് ഇടപഴകണം. പ്രത്യേകിച്ച് നിങ്ങളുടെ മേഖലയിൽ ധാരാളം ബന്ധങ്ങൾ വളർത്തണം. ജോലി, തൊഴിൽ, ബിസിനസ് എന്നിങ്ങനെ എന്തു തന്നെ ആയിരുന്നാലും, അതിൽ മറ്റുള്ളവരുടെ സംഭാവന പ്രധാനമാണ്. ആവശ്യമായ സമയത്ത് എല്ലാവരുടെയും സഹായം നേടാൻ കഴിയുന്നത്ര അടുപ്പം ഉണ്ടായിരിക്കണം. ●

പുതിയ തുടക്കം

• ഓരോ പുതിയ ദിവസവും നിങ്ങളുടെ ജീവിതം എന്ന ഡയറിയിൽ എഴുതപ്പെടാത്ത പേജ് ആണ്. വിജയ രഹസ്യം എന്നത്, ആ പേജിൽ നിങ്ങളാൽ കഴിയുന്നത്ര മികവുറ്റ ജീവിതകഥ എഴുതുകയാണ്.

• ഓരോ നിമിഷവും ഒരു മഹത്തായ തുടർക്കഥ രൂപപ്പെടുത്തേണ്ട സമയമാണ്.

• നിങ്ങൾ ജീവിതത്തിൽ എന്തായി മാറാൻ ആഗ്രഹിക്കുന്നുവോ, അത് നേടാൻ ഇനിയും വൈകിയിട്ടില്ല. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് നിങ്ങൾ അഭിമാനിക്കണം. അങ്ങനെ ജീവിതം മാറ്റാനുള്ള കരുത്ത് നിങ്ങൾക്ക് ഉണ്ടായിരിക്കണം.

• നിങ്ങളുടെ ഓർമ്മകളെ നിങ്ങളിൽ നിന്ന് ആർക്കും കവരാൻ കഴിയില്ല. ഓരോ ദിവസവും ഒരു പുതിയ തുടക്കമാണ്. നല്ല ഓർമ്മകൾ ആ ദിവസങ്ങളിൽ ഉണ്ടാക്കണം.

• ആത്മവിശ്വാസത്തോടെ ആദ്യ ചുവട് വയ്ക്കണം. മുഴുവൻ പാതയും നിങ്ങളുടെ കണ്ണുകൾക്ക് ദൃശ്യമായേക്കില്ല. പക്ഷേ, ആദ്യ ചുവട് വയ്ക്കാതെ പാത കടക്കാൻ സാധ്യമല്ല.

• ഭൂതകാലത്തിലേക്ക് പോയി വീണ്ടും ആദ്യം മുതൽ ജീവിതം ആരംഭിക്കാൻ കഴിയില്ല. പക്ഷേ, ഈ നിമിഷം ആരംഭിച്ചാലും മികവുറ്റ ജീവിതം നമുക്ക് ഇനി ജീവിക്കാൻ കഴിയും.

• ഓരോ ദിവസത്തിന്റെ പ്രഭാതവും ആത്മ വിശ്വാസം നിറഞ്ഞ പുതിയ ദിനം നിങ്ങൾക്ക് നൽകും. അന്ന് പുതിയതായി എന്തും ആരംഭിക്കാനുള്ള മാനസികനിലയോടെ തയാറാകണം.

• 'ഇതുംമറ്റൊരുനാൾ' എന്ന മാനസികനിലയോടെ ഒരു ദിവസത്തെയും ഓർക്കരുത്. ഓരോ ദിവസവും ഒരു പുതിയ അനുഭവത്തിനുള്ള അവസരം നൽകും.

• വിജയത്തിലേക്കുള്ള പാതയിൽ പലരും ചെയ്യുന്ന തെറ്റുകൾ രണ്ടെണ്ണമാണ്. ഒന്ന്, ആരംഭിക്കാതിരിക്കുന്നത്. മറ്റൊന്ന്, മുഴുവൻ യാത്രയും പൂർത്തിയാക്കാതിരിക്കുന്നത്.

• പരാജയം വേദനാജനകമായ ഒന്നിൽ കലാശിച്ചിരിക്കുകയാണോ? 'പുതിയ ആരംഭമാണ് ഇത്തരത്തിൽ പ്രച്ഛന്ന വേഷത്തിൽ എത്തുന്നത്' എന്ന് ചിന്തിക്കണം. അത് ആഘോഷമാക്കണം.

• പരാജയം എന്നത് കൂടുതൽ ബുദ്ധിസാമർത്ഥ്യത്തോടെ വീണ്ടും ഒരിക്കൽകൂടി ജോലി ആരംഭിച്ച് ശരിയായി ചെയ്യാനുള്ള അവസരമാണ്.

• ഒരു നദിയും ഉത്ഭവസ്ഥാനത്തേക്ക് മടങ്ങാറില്ല. പക്ഷേ എല്ലാ നദികൾക്കും ഒരു ഉത്ഭവസ്ഥാനം ഉണ്ട്.

• എല്ലാ ദിവസവും ഒരേ പോലെ കടന്നു പോയാൽ, നിങ്ങൾ ജീവിക്കുന്നത് മികവുറ്റ ജീവിതം അല്ല. പുതുതായി എന്തെങ്കിലും ആരംഭിക്കണം.

• നടന്നതു തന്നെ ഓർത്തു കൊണ്ടിരുന്നാൽ, നിങ്ങൾ കഴിഞ്ഞ കാലത്തിൽ ജീവിക്കുന്നു എന്നർത്ഥം. അത് വലിച്ചെറിഞ്ഞ് ഭാവിയെക്കുറിച്ച് ചിന്തിച്ചാൽ, പുതിയ തുടക്കം ലഭിക്കും.

• മികവുറ്റ വിജയികൾ പോലും ഒരു കാലത്ത് തങ്ങളുടെ മേഖലയിൽ തുടക്കക്കാരായിരുന്ന സാധാരണ മനുഷ്യരാണ്. അതിനാൽ, ഒന്നും ആരംഭിക്കാൻ മടിക്കരുത്.

മൊഴികൾ

• എല്ലാ പ്രശ്നങ്ങളും പരാജയങ്ങളും മറന്ന് പുതിയതായിഒരുപ്രവൃത്തി ആരംഭിക്കാൻ നിങ്ങൾ തയാറായിരുന്നാൽ, ഈ പ്രപഞ്ചത്തിൽ ഒന്നും നിങ്ങളെ തടയില്ല.

• ജീവിതത്തിൽ വെല്ലുവിളികൾകൊടുങ്കാറ്റു പോലെ ചുഴറ്റിയടിച്ചാൽ, അതിനെ എതിർത്ത് പോരാടരുത്. ആ കാറ്റിന്റെ ദിശയിൽ പുതിയ യാത്ര ആരംഭിക്കണം.

•കാറ്റിന്റെഗതിയിൽസഞ്ചരിച്ച്എന്തൊക്കെയോ ചെയ്തു നോക്കി, തങ്ങളുടെ യഥാർത്ഥ കഴിവ് അറിയുന്നവർ പലർ ഉണ്ട്. ഏത് സന്ദർഭത്തിലും ഒന്നും ചെയ്യാതെ വെറുതേയിരിക്കരുത്.

• 'അത്ര തന്നെ, എല്ലാ കഴിഞ്ഞു. എനിക്ക് ഇനി ഒരവസരവും ഇല്ല' എന്ന് തളർന്നു പോകുന്ന നേരത്തിൽ ഏതോ ഒരു പ്രകാശം നിങ്ങളുടെ കണ്ണിൽ പെടും. ആ ദിശയിൽ യാത്ര ചെയ്യണം.

• വിചാരിച്ചതു പോലെ ഒരു കാര്യം നടന്നില്ലെങ്കിൽ വിധിയെ പഴിക്കരുത്. നിങ്ങളുടെ പരിശ്രമമമാണ് ഏത് തടസ്സവും പുതിയ വിജയ പാതയായി മാറ്റിക്കാട്ടുന്നത്.

• എല്ലാവരോടും ക്ഷമിക്കുന്നതും എല്ലാം മറക്കുന്നതും നിങ്ങൾക്ക് പുതിയതായി എന്തും ആരംഭിക്കാൻ മറ്റൊരു അവസരം നൽകും.

• ഇന്നലത്തെതെറ്റുകളെക്കുറിച്ച് ചിന്തിക്കരുത്. ഇന്ന് പുതിയതായി ആരംഭിക്കാൻ മികച്ച നാൾ എന്ന് ചിന്തിക്കണം. നാളെ മികച്ച ഭാവി വന്നണയും.

• നിങ്ങളുടെ കഴിഞ്ഞ കാലം എത്ര കണ്ട് മോശമായിരുന്നാലും, ഇന്ന് ആത്മവിശ്വാസത്തോടെ ഒരു കാര്യം ചെയ്യാൻ ആരംഭിച്ചാൽ, നാളെ നിങ്ങൾക്ക് മാധുര്യമുള്ള കാലം വരും.

• ഓരോ പുതിയ ദിവസവും ദൈവം നൽകുന്ന ആശിർവാദം. ആ ദിവസം പുതുതായി എന്തു ചെയ്താലും നിങ്ങളുടെ ജീവിതം ഭംഗിയുള്ളതായി മാറും.

• ശരിയായ സന്ദർഭം വന്നണയട്ടെ എന്ന് കാത്തിരിക്കരുത്. നിങ്ങൾ ഒരു പ്രവൃത്തി ചെയ്യാൻ ആരംഭിച്ചാലേ നിങ്ങൾക്ക് ശരിയായ സന്ദർഭം രൂപപ്പെടും.

• എവിടെയും കെട്ടിനിൽക്കാതെ ഏതോ ഒരു ദിശയിൽ പുതിയ യാത്ര ആരംഭിക്കണം. യാത്രയ്ക്കൊടുവിൽ ഒരു പുതിയ പാത നിങ്ങൾക്കായി രൂപപ്പെടും.

• ഇന്നലത്തെ യാത്രയിൽ നാം ആഗ്രഹിച്ച ഉയരം എത്താതെ പോയിരിക്കാം. പക്ഷേ ഇന്ന് വീണ്ടും പരിശ്രമിച്ചാൽ അത് അത് നേടാൻ നമുക്ക് കഴിയും.

• നമുക്ക് ധാരാളം ദിവസങ്ങളും മാസങ്ങളും വർഷങ്ങളും തുടർച്ചയായി ലഭിക്കുന്നുണ്ട്. നാം ധാരാളം കാര്യങ്ങൾ പുതിയതായി ആരംഭിക്കാൻ വേണ്ടിയാണ് ഇവ എത്തുന്നത്.

• നാം ഉയിരോടെ ഇരിക്കുന്നതുവരെ, എന്തും പുതിയതായി ആരംഭിച്ച് ചെയ്യാൻ ഒരു തടസ്സവും നമുക്ക് ഇല്ല. •

ചോദ്യങ്ങൾ കൊണ്ട് ജീവിതം ആരംഭിക്കാം

ഒരു ഗ്രാമത്തിലെ ആശ്രമത്തിലുള്ള സന്ന്യാസിക്ക് ദിവ്യശക്തിയുണ്ടെന്ന് കേട്ടറിഞ്ഞ് അദ്ദേഹത്തെ കാണാൻ ഒരു വിനോദ സഞ്ചാരി എത്തി. സന്ന്യാസിയെ കണ്ടതും സ്തബ്ധനായിപ്പോയി. ഒരു ചെറിയ കുടിൽ. അതിൽ തറവിരിപ്പിൽ സന്ന്യാസി ഇരിക്കുന്നു. അരികിൽ ഒരു വിളക്ക്, കൈയിൽ ഒരു പുസ്തകം, മറ്റൊന്നും തന്നെയില്ല.

'താങ്കളുടെ മറ്റ് വസ്തുക്കൾ എവിടെ?' എന്ന് സന്ന്യസിയോട് അദ്ദേഹം ചോദിച്ചു. 'നിങ്ങളുടെ മറ്റ് വസ്തുക്കൾ എവിടെ?' എന്ന് സന്ന്യാസിയും തിരികെ ചോദിച്ചു. 'ഞാൻ വിനോദസഞ്ചാരിയാണ്, എനിക്ക് എന്തിന് മറ്റ് വസ്തുക്കൾ?' എന്നായി വന്ന വ്യക്തി. സന്ന്യാസി ചിരിച്ചു കൊണ്ട്, 'ഞാനും ഒരു സഞ്ചാരിയാണ്. ഈ ലോകം ചുറ്റിക്കാണാൻ വന്നിരിക്കുകയാണ്. ഈ സത്യം മനസ്സിലാക്കിയ ശേഷമാണ് എന്റെ ജീവിതം പുതിയതായി ആരംഭിച്ചത്' എന്ന് അദ്ദേഹം പറഞ്ഞു.

ശരിയായ ചോദ്യങ്ങൾ ചോദിക്കുന്നതിലൂടെ നിങ്ങളുടെ ജീവിതത്തിന് പുതിയതായി ആരംഭമാകും. ജീവിതത്തിൽ പുതിയ അർത്ഥം തേടാനും ആ പുതിയ യാത്രയെക്കുറിച്ച് വ്യക്തത നേടാനും ഈ ചോദ്യങ്ങൾ സഹായിക്കും.

- ഈ പുതിയ ആരംഭത്തിന് മനസ്സു കൊണ്ട് ഞാൻ തയാറായിട്ടുണ്ടോ? എന്റെ ഇപ്പോഴത്തെ മാനസികാവസ്ഥ എന്റെ ജീവിതത്തെ ബാധിക്കാതിരിക്കുന്നുണ്ടോ?
- എന്നെക്കുറിച്ച് ഞാൻ അഭിമാനിക്കുന്ന കാര്യങ്ങൾ ഏതൊക്കെ?
- എപ്പോഴെങ്കിലും ഞാൻ റിസ്ക് എടുത്തിട്ടുണ്ടോ? ഇപ്പോൾ റിസ്ക് എടുക്കാൻ ഞാൻ തയാറാണോ?
- ഇനിമേൽ ഞാൻ ഇങ്ങനെ ജീവിച്ചാൽ എന്താകും? മാറ്റങ്ങൾ സഹിതം പുതിയ ജീവിതം ആരംഭിച്ചാൽ എന്തൊക്കെ നന്മകൾ ലഭിക്കും?
- ഞാൻ ഇപ്പോൾ ചെയ്യുന്നത് എനിക്ക് എന്താണ് നൽകുന്നത്? ഇതിൽ നിന്ന് മാറിയാൽ എനിക്ക് ലഭിക്കുന്നത് എന്ത്?
- എന്റെ ബലം എന്ന് ഞാൻ ചിന്തിക്കുന്നത് എന്ത്? അത് എന്റെ പ്രവർത്തികളിൽ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നുണ്ടോ?
- എന്റെ ജീവിതത്തിൽ എന്തൊക്കെയാണ് എന്റെ നിയന്ത്രണത്തിലുള്ളത്. എന്തൊക്കെയാണ് എനിക്ക് മാറ്റാൻ കഴിയാത്തത്?
- എന്റെ സമയവും പണവും എന്നെ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ട രീതിയിൽ നിക്ഷേപിച്ചിട്ടുണ്ടോ?
- ജീവിതത്തിൽ ഏതിനെല്ലാമാണ് ഞാൻ മുൻഗണന നൽകുന്നത്? എന്റെ ശാരീരിക-മാനസിക-സാമ്പത്തികാരോഗ്യം പ്രധാനമെന്ന് ചിന്തിക്കുന്നുണ്ടോ?

ഈ ചോദ്യങ്ങൾക്ക് സത്യസന്ധമായ ഉത്തരങ്ങൾ തേടണം. നിങ്ങളുടെ ജീവിതം മികവുറ്റതായി മാറും. ●

വീണ്ടും ഒരു ആരംഭം

മഴക്കാലം അവസാനിച്ച് ശൈത്യകാലം എത്തി വീണ്ടും വേനൽ വരും. ഋതുക്കൾ മാറിക്കൊണ്ടേയിരിക്കും. നമ്മുടെ ജീവിതവും അത്തരത്തിൽ മാറിക്കൊണ്ടിരിക്കും. അതിനാലാണ് മനുഷ്യർ ഇടയ്ക്കിടെ പുതിയ പുതിയ ആരംഭങ്ങൾ അഭിമുഖീകരിക്കുന്നത്.

ചിലർക്ക് സന്തോഷകരമായ നിമിഷങ്ങളിൽ പുതിയ ആരംഭം ലഭിക്കും. വിവാഹം, ഗൃഹപ്രവേശം, പുതിയ തൊഴിൽ, സ്ഥാനക്കയറ്റം, ബിസിനസ് വികസിപ്പിക്കൽ എന്നിങ്ങനെയുള്ളവയായിരിക്കും പുതിയ ആരംഭം. ചിലർക്ക് സങ്കീർണമായ ചുറ്റുപാടുകൾ, പുതിയ ആരംഭത്തിന് പ്രേരിപ്പിക്കും. തൊഴിൽ നഷ്ടം, ജോലി നഷ്ടം, പരിചയമില്ലാത്ത ഒരു നാട്ടിൽ ജോലിക്ക് പോകൽ, വിവാഹ മോചനം, റിട്ടയർമെന്റ് എന്നിങ്ങനെ ഏതെങ്കിലും ഒരു ജീവിത മാറ്റം ഉണ്ടായി കാലിടറി നിൽക്കും.

മാറ്റം ഒന്നാണ് മാറാത്തത്. അനുഭവങ്ങൾ പെരുകുംതോറും നാം മുമ്പത്തേക്കാൾ മികവുറ്റവരായി മാറണം. മികച്ച ജീവിതം ജീവിക്കണം. അതിന് പുതിയ ആരംഭങ്ങൾ സഹായിക്കും. സന്തോഷകരമായോ സങ്കടകരമായോ ഏത് തരത്തിലുള്ള ചുറ്റുപാറ്റിലും പുതിയതായി ഒന്ന് ആരംഭിച്ചാലും ചില കാര്യങ്ങൾ മനസ്സിൽ ഓർക്കണം. നിങ്ങൾക്ക് എന്ത് നഷ്ടപ്പെട്ടാലും ഇതു വരെ പഠിച്ചവയെല്ലാം നിങ്ങളോടൊപ്പം ഉണ്ടായിരിക്കും.

പുതിയ ആരംഭത്തിൽ നിങ്ങൾ ചെയ്യേണ്ട ഏഴ് കാര്യങ്ങൾ ഇതാ:

- നിങ്ങളുടെ ജീവിതം ഇപ്പോൾ എവിടെയാണ് ഉള്ളതെന്ന് നിങ്ങൾ സ്വയം ചോദിക്കണം. ഇവിടെ നിന്ന് ഞാൻ എവിടേയ്ക്കാണ് പോകാൻ ആഗ്രഹിക്കുന്നത്, ഈ സമയത്ത് പുതിയ ആരംഭം സാധ്യമാണോ, അത് ഞാൻ എങ്ങനെയാണ് ചെയ്യാൻ പോകുന്നത് എന്ന് ഉത്തരം തേടണം.
- നമ്മുടെ ചിന്തകൾ കാലചക്രത്തിൽ മാറിക്കൊണ്ടേയിരിക്കും. നിങ്ങളുടെ വയസ്സ്, ജീവിതാവസ്ഥ, സാഹചര്യം എന്നിവയ്ക്ക് അനുസൃതമായി എല്ലാം മാറും. ഇപ്പോൾ നിങ്ങൾ വലുതായി കാണുന്നത് എന്താണ്, പ്രധാനപ്പെട്ട എന്തെല്ലാം അവഗണിച്ചു കളഞ്ഞു, ഏതെല്ലാം മാറ്റണം എന്ന് വിശകലനം ചെയ്യണം. മാറണം.
- പുതിയ ജീവിതത്തിൽ നിങ്ങളുടെ ലക്ഷ്യം എന്തായിരിക്കണം എന്ന് നിർണയിക്കണം. അത് ചെറിയ ചെറിയ ഭാഗങ്ങളായി വിഭജിച്ച് ഓരോന്നും നേടാനുള്ള മാർഗങ്ങൾ ആസൂത്രണം ചെയ്യണം.
- ഇത്രയും കാലം ഉണ്ടായിരുന്നതു പോലെ തുടർന്നാൽ പുതിയതായി ഒന്നും ആരംഭിക്കാൻ കഴിയില്ല. നിങ്ങൾക്കുള്ളിൽ ധാരാളം മാറ്റങ്ങൾ ഉണ്ടാകണം. എല്ലാ മാനസിക പ്രതിബന്ധങ്ങളും ഉപേക്ഷിച്ച് മൊത്തത്തിൽ മാറണം.
- മടിച്ചു നിൽക്കാതെ പ്രവർത്തിയിൽ ഇറങ്ങണം. ചിന്തിച്ചു കൊണ്ടിരുന്നാൽ ഒന്നും മാറില്ല.
- സുഹൃത്തുക്കൾ, ബന്ധുക്കൾ, ജോലിയിലെ സീനിയർ എന്നിങ്ങനെ ആരെങ്കിലും ഒരു വഴികാട്ടിയെ തേടണം. റോഡരികിലെ മൈൽക്കുറ്റി പോലെ അവർ നിങ്ങൾക്ക് വഴികാട്ടും.
- ജീവിത പാത കയറ്റിറക്കങ്ങൾ നിറഞ്ഞതാണ്. തിരിച്ചടികളിൽ തളരരുത്. വിജയങ്ങളിൽ കൊട്ടിഘോഷിക്കലും അരുത്. കഴിഞ്ഞ മാസത്തേക്കാൾ ഇപ്പോൾ മുന്നേറിയിട്ടുണ്ടോ എന്ന് ഇടയ്ക്കിടെ ആത്മപരിശോധന നടത്തണം. ●

ജീവിതം മാറും

നിങ്ങൾ ഒരു കാര്യം പുതിയതായി ആരംഭിക്കുമ്പോൾ നിങ്ങളുടെ ജീവിതം മാറും. അതിന് എന്തൊക്കെയാണ് ചെയ്യേണ്ടത്?

- ചെയ്യുന്ന എന്തും ധൈര്യസമേതം ചെയ്യണം. ഇതു വരെ നിങ്ങളുടെ വിജയത്തിന് തടസ്സമായത് നിങ്ങളുടെ ഭയമാണ്.
- എപ്പോഴും ചിന്തിക്കുന്നതു പോലെയുള്ള സാധാരണ ചിന്തകൾ ഒരു മാറ്റവും ഉണ്ടാക്കില്ല. ചിന്തകളിൽ വ്യക്തത ഉണ്ടായിരിക്കണം.
- നിങ്ങൾ ചെയ്യുന്ന പ്രവർത്തികളാണ് നിങ്ങളുടെ ഗുണങ്ങൾ തീരുമാനിക്കുന്നത്. ദൃഢനിശ്ചയത്തോടെ ശരിയായ കാര്യങ്ങൾ ചെയ്താൽ, നിങ്ങളിൽ സത്യസന്ധമായ ഗുണങ്ങൾ രൂപപ്പെടും.
- നിങ്ങളുടെ ശീലങ്ങളും മാറ്റണം. ഉപയോഗപ്പെടുത്തുന്ന വാക്കുകൾ മുതൽ, മറ്റുള്ളവരോട് പറയുന്ന ഉത്തരങ്ങൾ വരെ എല്ലാത്തിലും ഉത്സാഹവും പോസിറ്റിവിറ്റിയും നിറഞ്ഞിരിക്കണം.

ഏത് ആരംഭം?

കഴിഞ്ഞു കൂടുന്നതിനും ജീവിക്കുന്നതിനും വ്യത്യാസം ഉണ്ട്. ജയിലിൽ നിന്ന് പുറത്തിറങ്ങിയ ഒരു തടവുകാരൻ 'ജയിലിലായിരുന്നു' എന്നേ പറയൂ. 'ജയിലിൽ ജീവിക്കുകയായിരുന്നു' എന്ന് പറയില്ല. കാരണം, ജയിലിൽ അയാൾ ആഗ്രഹിച്ചു പോയതല്ല. ഇഷ്ടത്തോടെ ജീവിക്കുന്നതാണ് ജീവിതം. മറ്റുള്ളവരെ ആശ്രയിക്കാതെ, നാം ആഗ്രഹിച്ചതു പോലെ ജീവിക്കുന്നതാണ് ജീവിതം. ആ ജീവിതത്തിൽ നമുക്ക് എന്തും ആരംഭിച്ച് ചെയ്യാൻ കഴിയും.

പലരും വർത്തമാനകാല ജീവിതം അല്ല ജീവിക്കുന്നത്. സ്കൂൾ പ്രായത്തിൽ 'കോളെജിൽ പോയ ശേഷമേ ജീവിതം ആരംഭിക്കും' എന്ന് ചിന്തിക്കും. കോളെജ് നാളുകളിൽ, 'ജോലി ലഭിച്ചതും ജീവിതം കൈവരും' എന്ന് വിശ്വസിക്കും. ജോലിക്ക് പോയ ശേഷം, 'വിവാഹ ശേഷം ജീവിതം ആരംഭിക്കാം' എന്ന് സ്വപ്നം കാണും. കുട്ടികൾ,

പ്രകാശം തേടണം

ജീവിതത്തിൽ പുതിയ ആരംഭം തേടുമ്പോൾ നിങ്ങളുടെ പഴയ ജീവിതം മൊത്തത്തിൽ മറയ്ക്കാനോ മറക്കാനോ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. ആ അനുഭവങ്ങളാണ് നിങ്ങളുടെ വർത്തമാനകാല തീരുമാനങ്ങൾ നിർണയിക്കുന്നത്. ചൂടിൽ വീണ പൂച്ച വീണ്ടും പാൽ കുടിക്കാൻ ഭയപ്പെടുന്നതു പോലെ, മുമ്പ് മോശപ്പെട്ട അനുഭവങ്ങൾ നൽകിയവ ചെയ്യാൻ നിങ്ങൾ ഭയപ്പെടും.

എന്നാൽ രണ്ട് കാര്യങ്ങൾ ഒരിക്കലും മറക്കരുത്. ഇതു വരെ ചെയ്യാത്ത കാര്യങ്ങൾ ചെയ്യണം. സത്യസന്ധമായ ചിന്തകളോടെ അവ ചെയ്യണം. 'എല്ലാത്തിനെയും സംശയിക്കണം, നിങ്ങളുടെ പ്രകാശം നിങ്ങൾ തന്നെ തേടണം' എന്ന് ബുദ്ധൻ പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ ജീവിതം മാറ്റേണ്ട വഴി തേടണം. നിങ്ങൾക്ക് ഏതാണ് പ്രധാനം, ഏത് ചെയ്യാൻ കഴിയില്ല, ചുറ്റുപാട് എന്താണ് എന്നതെല്ലാം വിശകലനം ചെയ്യണം. നിങ്ങളുടെ തീരുമാനങ്ങൾ നിങ്ങളെ ഏത് കൊടുമുടിയിലേക്കും കൈപിടിച്ച് ഉയർത്തും.

വീട്, സ്ഥാനക്കയറ്റം, കാർ എന്നിങ്ങനെ ഓരോന്നിലും ഈ സ്വപ്നം മാറ്റി വയ്ക്കും. ഇവർ ജീവിതം ആരംഭിക്കുകയേ ഇല്ല. അങ്ങനെ വാർധക്യത്തിലെത്തും. ഈ നിമിഷം ജീവിക്കാൻ തുടങ്ങിയാൽ സന്തോഷം നിരന്തരമാകും.

പോരാട്ടത്തിൽ ജയിക്കണം

നിങ്ങൾക്കുള്ളിൽഒരുകരുത്തുറ്റമനുഷ്യനുംബലഹീനനും ഉണ്ട്. ഈ ഇരുവർക്കും ഉണ്ടാകുന്ന അവസാനിക്കാത്ത പോരാട്ടമാണ് നിങ്ങളുടെ ജീവിതം. കരുത്തുറ്റ മനുഷ്യന്റെ ഒപ്പം നിൽക്കുമ്പോൾ, ഒരു മികച്ച ജീവിതം ലഭിക്കും.

നിങ്ങളുടെ ഭാവിക്ക് എന്താണ് വേണ്ടത്, എന്തു ചെയ്യുന്നതാണ് സാധ്യം,ഏതിലാണ് നിങ്ങളുടെ ശ്രദ്ധ വേണ്ടത് എന്നിങ്ങനെ എല്ലാം അറിഞ്ഞ് ചെയ്യണം. ആടിയറുതിയിൽ പഴയവ വലിച്ചെറിഞ്ഞ് വൃത്തിയാക്കുന്ന പുതിയ വീട് പോലെ മാറണം. പഴയ വിശ്വാസങ്ങൾ, പഴയ അറിവ് എന്നിങ്ങനെ എല്ലാം തുറന്നു വിട്ട് പുതിയവ തേടണം. പുതിയ പാടവങ്ങൾ പഠിക്കണം.

നിങ്ങളുടെ ജോലിയിൽ ഒരു പ്രതിസന്ധി ഉണ്ടാകുമ്പോൾ, അത് പ്രശ്നമായി ചിന്തിക്കരുത്. വെല്ലുവിളിയായി കാണണം. അത് മറികടക്കാനുള്ള പരിഹാരം നിങ്ങളുടെ കണ്ണുകളിൽ ഉടനേ തെളിയും.

വിജയ രഹസ്യം

‘നിങ്ങളുടെ വിജയ രഹസ്യം എന്താണ്?’ എന്ന് ഒരു ബിസിനസുകാരനോട് ചോദിച്ചു. ‘രണ്ടേ വാക്കുകളിൽ പറയാം’ എന്ന് അദ്ദേഹം. ആ രണ്ട് വാക്കുകൾ, ‘ശരിയായ തീരുമാനങ്ങൾ.’ ശരി, ‘താങ്കൾ എങ്ങനെ ശരിയായ തീരുമാനങ്ങൾ എടുത്തു?’ എന്ന് ചോദിച്ചപ്പോൾ, ‘ഒരു വാക്കിൽ ഉത്തരം അതിന് ഉത്തരം പറയാം. അത്, അനുഭവം’ എന്ന് പറഞ്ഞു. ആ അനുഭവം എവിടെ നിന്ന് നേടി എന്ന് ചോദിച്ചപ്പോൾ, ‘രണ്ട് വാക്കുകളിൽ ഉത്തരം പറയാം, ‘തെറ്റായ തീരുമാനങ്ങൾ’ എന്നതാണ് ആ ഉത്തരം’ എന്ന് പറഞ്ഞു.

നിങ്ങൾ എന്ത് ചെയ്യാൻ ആരംഭിച്ചാലും, രണ്ട് കാര്യങ്ങൾ ദൃഢമായി വിശ്വസിക്കണം. 1. ആരോ ഒരാൾക്ക് ഇത് ചെയ്യാൻ കഴിയുമ്പോൾ, നമുക്ക് എന്തു കൊണ്ട് സാധ്യമല്ല? 2. ഇത് ഇതു വരെ ആരും തന്നെ ചെയ്യാത്ത കാര്യമാണെങ്കിൽ പോലും, ‘ഇത് ചെയ്യുന്ന ആദ്യത്തെ മനുഷ്യൻ എന്തു കൊണ്ട് ഞാൻ ആയിക്കൂടാ?’ എന്ന് ചിന്തിക്കണം.

വിജയത്തിന് മറ്റ് കുറുക്കുവഴികൾ ഒന്നുമില്ല. നിങ്ങൾ എന്തെങ്കിലും ഒന്ന് ആരംഭിക്കുമ്പോൾ, സന്ദർഭം നിങ്ങളെ എവിടേക്കോ കൂട്ടിക്കൊണ്ട് പോകും. ‘സാധ്യമല്ല’ എന്ന് പറയുന്നതു പോലെ ഒരു പ്രവർത്തിയും ഇവിടെ ഇല്ല. കഠിനാധ്വാനവും ശരിയായ അവസരവും സംഗമിക്കുന്ന സ്ഥാനത്ത്, വിജയം വന്നണയും. കഠിനാധ്വാനം ചെയ്തിട്ടും ശരിയായ അവസരം ലഭിച്ചില്ലേ? അത് നിങ്ങൾ തന്നെ സൃഷ്ടിക്കുകയല്ലാതെ മറ്റ് മാർഗമില്ല. ●

അവസാന ബെഞ്ച് വിദ്യാർത്ഥി

സുമേഷ് സ്കൂളിൽ അത്രയും വെറുപ്പോടെയാണ് എത്തുന്നത്. അവന് പഠിക്കുന്നതേ ഇഷ്ടമല്ല. എല്ലാ വിഷയങ്ങളിലും അവൻ 20 മാർക്ക് നേടിയാലേ വലിയ കാര്യം. എപ്പോഴും അവസാന ബെഞ്ചിലായിരിക്കും ഇരിക്കുക. ഭൂരിഭാഗം അധ്യാപകരും കാണുവിധം നിശ്ശബ്ദമായി ഉറങ്ങും.

അവിടെ ഇരിക്കുന്ന അവനെപ്പോലുള്ള രണ്ട് കുട്ടികളോട് മാത്രമേ അവൻ സംസാരിക്കുകയുള്ളൂ. ക്ലാസിലെ മറ്റുള്ളവരെല്ലാം അവനെ കണ്ടാലേ അകന്നു പോകും. സ്കൂളിലെ പല അധ്യാപകരും അവനെ നേർവഴിക്ക് നയിക്കാൻ ശ്രമിച്ച് പരാജയപ്പെട്ടവരാണ്.

ക്വാർട്ടർലി പരീക്ഷ പൂർത്തിയാക്കി എല്ലാവർക്കും പ്രോഗ്രസ് കാർഡ് കൊടുക്കുന്ന ദിവസം എത്തി. പതിവായി നല്ല മാർക്കുകൾ വാങ്ങുന്ന വിദ്യാർത്ഥികളിൽ ചിലരും ആ പരീക്ഷയിൽ കുറവ് മാർക്ക് നേടിയതിൽ ടീച്ചർ ദേഷ്യപ്പെട്ടു.

അവസാനം സുമേഷിന് വിളിച്ച അദ്ദേഹം, 'ഇവനാണ് നമ്മുടെ ക്ലാസിൽ തന്നെ ഏറ്റവും കുറവ് മാർക്ക് നേടിയവൻ. എല്ലാത്തിലും ഫെയിൽ. നിങ്ങളും ശരിയായി പഠിച്ചില്ലെങ്കിൽ ഇവനെപ്പോലെ ആയിപ്പോകും. പിന്നീട് കൂലിവേല ചെയ്യുകയേ വഴിയുണ്ടാകൂ' എന്ന് പറഞ്ഞു. ക്ലാസിൽ എല്ലാവരും അവനെ നോക്കി ചിരിച്ചു.

ഇത്രയും നാൾ അധ്യാപകരോ സഹവിദ്യാർത്ഥികളോ അവനെ ഗൗനിക്കാതെ കടന്നു പോയത് അവനെ വിഷമിപ്പിച്ചിരുന്നില്ല. പക്ഷേ, ഇങ്ങനെ എല്ലാവർക്കു മുന്നിലും അപമാനപ്പെടുത്തുന്നത് അവന് ആദ്യത്തെ അനുഭവമായിരുന്നു. സീറ്റിൽ പോയി ഇരുന്നപ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞു.

'ഇത് മാറ്റാൻ എന്താണ് മാർഗം' എന്ന് ചിന്തിച്ചു. അവൻ മടിയനായിരുന്നു എന്നതിനപ്പുറം പഠിക്കാൻ മിടുക്കനായിരുന്നു. അന്നു മുതൽ വീട്ടിൽ ചെന്നതും പഠിക്കാൻ ആരംഭിച്ചു. പഠിച്ചത് എഴുതി നോക്കി. അഴുക്കു പുരണ്ട കണ്ണാടി തുടച്ചതും തിളങ്ങുന്നതു പോലെ അവന്റെ ഉള്ളിൽ അറിവിന്റെ വെളിച്ചം പടർന്നു. വീട്ടിൽ ദിവസവും മണിക്കൂറുകളോളം പഠിക്കുകയും എഴുതുകയും ചെയ്ത അവനെ, രക്ഷകർത്താക്കൾ ആശ്ചര്യത്തോടെ നോക്കി.

അടുത്ത മാസം നടന്ന പരീക്ഷയിൽ സുമേഷ് എല്ലാ വിഷയങ്ങളിലും നല്ല മാർക്ക് നേടി പാസ് ആയി. ക്ലാസ് ടീച്ചർക്ക് ആശ്ചര്യം. ഒരു ദിവസം സയൻസിൽ അധ്യാപകൻ ചോദിച്ച ചോദ്യത്തിന് മറ്റ് പലരും ഉത്തരം അറിയാതെ ഉഴറിയപ്പോൾ അവൻ ശരിയായ ഉത്തരം പറഞ്ഞു. 'നീ മുന്നിൽ വന്നിരിക്കൂ' എന്ന് അവനെ മുൻനിരയിൽ ഒരു സീറ്റ് നൽകി അഭിനന്ദിച്ചു അദ്ദേഹം. മറ്റ് വിദ്യാർത്ഥികൾ അവനോട് സംസാരിക്കാൻ മത്സരിച്ചു.

അർധ വാർഷിക പരീക്ഷയിൽ സുമേഷിനാണ് ക്ലാസിൽ ഒന്നാം റാങ്ക്. 'എല്ലാവരും സുമേഷിനെപ്പോലെ പഠിക്കണം' എന്ന് പറഞ്ഞ ക്ലാസ് ടീച്ചർ, അവനെ നോക്കി, 'സുമേഷ്, അന്ന് ഞാൻ നിന്നെ വലിയ രീതിയിൽ അപമാനപ്പെടുത്തി. എന്നോട് ക്ഷമിക്കൂ' എന്ന് പറഞ്ഞു.

സുമേഷ് ആശ്ചര്യപ്പെട്ടു, 'സർ, അങ്ങനെ പറയരുത്. അപ്പോൾ താങ്കൾ അങ്ങനെ പറഞ്ഞതിനാലാണ് ഞാൻ പഠിക്കാൻ ആരംഭിച്ച് ഇങ്ങനെ ആയത്' എന്ന് പറഞ്ഞു അവൻ.

Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 & Printed by B. ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL

Inners for Winners
RAMRAJ
VESTS
BRIEFS • TRUNKS
Uplift
your spirit from
Within
Shreyas Iyer - Cricketer
SUKRA
SUPER FINE COTTON VESTS
ROMEX
SUPERIOR BANIANS
RISE-UP
PREMIUM BANIANS
ACOSTE
LUXURY INNERWEARS
Breeze
Eye Let Vests
WinStripe
STRIPED BANIANS
ARCHERY
GYM VEST
COMPACT
PREMIUM COTTON RIB VESTS
LITTLE STARS
KIDS INNERWEARS
Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-01-2026.Posted at Tirupur BPC on 5th of every month.